Registered No. M-4485. Madras War Review {MALAYALAM 26-11-1943

# യുദ്ധസഞ്ചിക

(ലോകമഹായുദ്ധത്തിന്റെ ഒരു പ്രതിവാരചരിത്രസംക്ഷേപം)

വോള്യം III] 1943 നവെമ്പർ 26-ാംനു, വെള്ളിയാഴ്ച [ലക്കം 13



## പുതിയ പടയെടുപ്പിന്റെ പ്രാരംഭം

**ശാ**ന്തസമുദ്രത്തിൽ ഗിൽബർട്ട് ദ്വീപുകളുടെ നേരെയുള്ള ഞങ്ങളുടെ ആക്രമണം ജാപ്പാനിലേക്കുള്ള കുറുക്കുവഴി നോക്കിത്തുടങ്ങിയ പടയെടുപ്പാണു്.

**ഈ** പടയെടുപ്പിന്നു് രണ്ടു് ഉദ്ദേശങ്ങളാണുള്ളതു് : ഒന്നാമതു്, കഴിഞ്ഞ യുദ്ധാനന്തരം ജാപ്പാൻകാരുടെ അധീനത്തിൽ വരുവാനിടയായതും, ശാന്തസമുദ്രത്തിലുള്ളവയുമായ ചില ദ്വീപുകളിൽനിന്നു് അവരെ ആട്ടിയോടിക്കുക ; രണ്ടാമതു്, അമേരിക്കയിൽനിന്നു് തെക്കുകിഴക്കൻ ശാന്തസമുദ്രത്തിലേക്കു് യുദ്ധോപകരണങ്ങൾ എത്തിക്കുവാനുള്ള മാർഗ്ഗത്തിന്റെ ദീർഘത കഴിയുന്നത്ര ചുരുക്കുക.

**ഈ** പടയെടുപ്പു് ഞങ്ങൾ തുടങ്ങിയതുകൊണ്ടു് തീർച്ചയാക്കാം ഞങ്ങൾക്കു് കടലിലും ആകാശത്തിലുമുള്ള ശക്തി. ഗിൽബർട്ട് ദ്വീപിൽ ആക്രമണം ആരംഭിച്ചപ്പോൾതന്നെ മാർഷൽ ദ്വീപുകളുടെയും നേരെ ഒരാക്രമണം നടത്തിയതു് ജപ്പാൻകാരുടെ വിമാനസൈന്യശക്തി പുറത്തു പുറപ്പെടാതിരിക്കുവാനാണു്. ഉദ്ദേശിച്ചപോലെത്തന്നെ പുറത്തു പുറപ്പെടുകയും ഉണ്ടായില്ല. ജാപ്പാൻകാരുടെ കപ്പലുകളേയും കണ്മാനില്ലായിരുന്നു. ജാപ്പാൻകാരുടെ കടൽസൈന്യം മുഴുവൻ ഒരുപക്ഷെ ട്രക്കു് ദ്വീപിലുള്ള തുറമുഖത്തായിരിക്കണം. അവിടെ നിന്നു് പുറത്തു പുറപ്പെട്ടിട്ടുണ്ടായിരിക്കയില്ല.

—കേണൽ ഫ്രാങ്കു് നോക്സ്, 1943 നവെമ്പർ 23-ാം തിയ്യതി

## വിഷയവിവരം

| | ഭാഗം | | ഭാഗം |
|---|---|---|---|
| പുതിയ പടയെടുപ്പിൻെറ പ്രാരംഭം .. .. | 1 | ലഫ്ടനൻറ് എൻ. അനന്തൻ നായർ .. .. | 7, 8 |
| വൎത്തമാനച്ചുരുക്കം .. .. .. .. | 2 | കഥാപംക്തി : കൊട്ടുകാററു .. .. .. | 9 |
| പ്രതിവാരചിന്തകൾ .. .. .. .. | 3, 4 | പൊതുജനങ്ങളെ സഹായിക്കുവാൻ ദേശീയ സമരനിര വാരം .. .. | 10 |
| പ്രത്യേകലേഖനങ്ങൾ : | | തങ്കത്തിൻെറ ശങ്ക .. .. .. .. | 11 |
| ശാന്തസമുദ്രം, പരാജയം, പ്രേമം .. .. .. .. | 5, 6 | വൈസറോയിക്കു നിയമവെടിവെച്ച മദിരാശിപ്പട്ടാളം | 12 |

# വൎത്തമാനച്ചുരുക്കം

ഫ്രാൻസ് ജൎമ്മനിക്കു കീഴടങ്ങിയതിന്നുശേഷം ഫ്രാൻസിൽ വെച്ചു നടത്തിവരുന്ന ഭരണത്തിൻെറ മേലധികാരിയാണല്ലൊ മാർഷൽ പത്താൻ. ഈ വന്ദ്യവയോധികൻ ഇപ്പോൾ ജൎമ്മൻകാരുടെ ആധീനത്തിൽ ഒരു തടവുകാരനാണത്രെ. ഇപ്പോൾ ഫ്രാൻസിൽ സൎവ്വാധികാരവും ലവാൽ എന്ന ഒരാൾക്കാണ്.

* * *

യുദ്ധം കഴിഞ്ഞാൽ ഉണ്ടാകുന്നലോകത്തിൽ എല്ലാവൎക്കും ജോലിയുണ്ടാക്കികൊടുക്കേണമെന്നാണ് സേർ സ്റ്റാഫോർഡ് ക്രിപ്പ്സ് പറയുന്നതു്. എന്തിനാണ് എല്ലാവരുടെ കാൎയ്യവും നാം ശ്രദ്ധിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. അവനവൻെറ ജോലിയെ അവനവൻ നോക്കാൻ വിചാരിക്കുന്നുള്ളുവെന്ന് തീൎച്ചയാക്കിയാൽ മററുള്ളവൎക്കും ജോലിക്കു യാതൊരു പ്രയാസവുമുണ്ടാകയില്ല.

* * *

ശാന്തസമുദ്രത്തിൽ ജാപ്പാൻെറ അധീനത്തിൽ കഴിഞ്ഞ യുദ്ധാനന്തരം വന്ന ദ്വീപുകളാണ് കറോലൈൻ ദ്വീപു സംഘങ്ങളും, മാർഷൽ ദ്വീപുകളും. കറോലൈൻ ദ്വീപുകളിലാണ് ട്രക്ക എന്നു പറയുന്ന ജപ്പാൻകാരുടെ വലിയ സൈന്യസങ്കേതസ്ഥലം. ഈ ദ്വീപുകൾ കഴിഞ്ഞ യുദ്ധത്തിന്നു മുമ്പു ജൎമ്മനിയുടെ കൈവശമായിരുന്നു, അവയെ യുദ്ധാനന്തരം ജാപ്പാൻെറ കൈവശം ഏല്പിച്ചുകൊടുത്തു.

* * *

ലബേനൻ എന്ന സ്ഥലത്തു് വലുതായ ലഹളയായിരിക്കുന്നുവെന്ന് കഴിഞ്ഞ ലക്കത്തിൽ പ്രസ്താവിച്ചിരുന്നുവെല്ലൊ. ഇപ്പോൾ ഈ ലഹളക്ക് അല്പം സമാധാനമുണ്ടത്രെ. അവിടുത്തെ പ്രസിഡൻെറിനേയും മന്ത്രിമാരെയും മററും പിടിച്ച് ജെയിലിൽ വെച്ചിട്ടുണ്ടായിരുന്നതെല്ലാം വിട്ടിരിക്കുന്നു. ഇവിടെ നടത്തിയ അക്രമങ്ങളെല്ലാം വളരെ മോശമായിയെന്നാണ് ഐക്യകക്ഷി കോയ്മകളെല്ലാവരും ജനറൽ ഡിഗാളിൻെറ ഭരണാധികാരത്തിലേക്കറിയിച്ചിരിക്കുന്നതു്.

* * *

ഇററലിയിലെ ഭരണം ഇപ്പോൾ നടത്തുന്നതു് ബഡോഗ്ലിയോവാണെല്ലൊ. എന്നാൽ ബഡോഗ്ലിയോവിനെ സഹായിപ്പാനായി ഐക്യകക്ഷികളുടെ ഒരു കണ്ട്രോൾ കമിഷനും ഉണ്ടു്. ഈ കമിഷനിൽ ബ്രിട്ടീഷ് കോയ്മയുടെ പ്രതിനിധിയായി മി. ഹാറോൾഡ് മാക്മില്ലനെ നിശ്ചയിച്ചിരിക്കുന്നു. ഈ കണ്ട്രോൾ കമിഷൻെറ സാമ്പത്തിക വകുപ്പിൻെറ വൈസ്പ്രസിഡൻെറാണ് സ്റ്റാൻസ്ഗേററ് പ്രഭു. ഇദ്ദേഹം ഒരുകാലത്തു് ഇന്ത്യാസ്റ്റെയിററ് സിക്രട്ടറിയായിരുന്നു. അന്ന് ഇദ്ദേഹത്തിൻെറ പേർ മി. വില്യം വെഡ്ജ് വുഡ്ബെൻ എന്നാണ്.

* * *

സേർ ഓസ്വാൾഡ് മോസ്ലി എന്ന ഒരു ബ്രിട്ടീഷ് മാന്യനെ യുദ്ധം തുടങ്ങിയതിന്നുശേഷം ഇതെവരെ ജയിലിൽ വെച്ചിരിക്കയായിരുന്നു. അദ്ദേഹത്തിൻെറ പത്നിയെയും ജയിലിൽ ഇട്ടിരിക്കയായിരുന്നു. ഇവർ ജൎമ്മനിയിലെ നാസികക്ഷിയോടനുഭാവമുള്ളവരാണെന്നുള്ള കുററത്തിന്മേലായിരുന്നു ഇവരെ ബന്ധനത്തിലിട്ടിരുന്നതു്. ഇപ്പോൾ മോസ്ലിക്ക് ദേഹസുഖമില്ലെന്നുള്ള ന്യായത്തിന്മേലാണ് അദ്ദേഹത്തേയും പത്നിയേയും വിട്ടിരിക്കുന്നതു്. ഇവരെ ബന്ധനത്തിൽനിന്ന് വിട്ടതിനെ പ്രതിഷേധിച്ചുകൊണ്ടു് ബ്രിട്ടനിൽ വളരെ പ്രക്ഷോഭം നടക്കുന്നുണ്ടു്.

* * *

പണ്ടത്തെ ഫ്രാൻസ് കോയ്മയുടെ ഭരണാധികാരം നടത്തുന്നതു് ഇപ്പോൾ ഫ്രഞ്ച് കമിററി ഓഫ് നാഷനൽ ലിബറേഷൻ എന്ന ഒരു കമിററിയാണെല്ലൊ. ഈ കമിററിയെയാണ് ഫ്രഞ്ച് കോയ്മയുടെ പിൻതുടൎച്ചാവകാശിയായി ബ്രിട്ടീഷ് ഗവൎമ്മേണ്ടും മററ് ഐക്യകക്ഷി കോയ്മകളും അംഗീകരിച്ചിരിക്കുന്നതു്. ഇതിൻെറ പ്രസിഡൻെറാണ് ജനറൽ ഡിഗാൾ. ഈ ഭരണാധികാരം നടത്തുന്നതു് വടക്കൻ ആഫ്രിക്കയിൽ ആൾജീറ്സ് എന്നു പറയുന്ന സ്ഥലത്തു വെച്ചാകുന്നു. ഇവിടേക്ക് ബ്രിട്ടീഷ് കോയ്മയുടെ പ്രതിനിധിയായി ഇപ്പോൾ മി. ആൽഫ്രഡ് ഡഫ്കൂപ്പറെ നിശ്ചയിച്ചിരിക്കുന്നു. മി. ഡഫ്കൂപ്പർ മുമ്പു ബ്രിട്ടീഷ് കാബിനററിൽ ഒരു മന്ത്രിയായിരുന്നു.

* * *

ഫ്രാൻസിൻേറതു് വളരെ ശക്തിയായ ഒരു കടൽസൈന്യമായിരുന്നുവെല്ലൊ. ജൎമ്മനിക്കു കീഴടങ്ങിയതിന്നുശേഷം ഈ കടൽപടയിൽ കുറെയെല്ലാം ജൎമ്മനിയുടെ കൈവശംവന്നു; ഏറക്കുറെ ബ്രിട്ടൻെറ കൈവശവും വന്നു. കുറെയെല്ലാം ഫ്രഞ്ചുകാർ മുക്കിക്കളഞ്ഞു. എന്നാൽ ഈ കടൽസൈന്യത്തിൽ ഏററവും വലിയ ഒരു കപ്പലായിരുന്നു റിഷ്ലിയു. ഇതിനെ ഡാക്കാറിൽ വെച്ചു ബ്രിട്ടീഷ് കടൽസൈന്യം വെടിവെച്ചു കുറെയെല്ലാം കേടുവരുത്തിയിരുന്നു. ഇപ്പോൾ അമേരിക്കയിൽവെച്ചു ഇതിനെ രണ്ടാമതും നന്നാക്കി പണ്ടത്തെ നല്ലസ്ഥിതിയിൽ ആക്കിയിരിക്കുന്നു. അമേരിക്കയിൽനിന്ന് ആഫ്രിക്കയിലേക്കു കൊണ്ടുവന്ന്, അവിടെ നിന്നും ഇപ്പോൾ സമുദ്രവഴിക്കു എങ്ങാണ്ടോ പോയിരിക്കയാണത്രെ. ഏററവും പരിഷ്കരിച്ചതായ നശീകരണ യന്ത്രങ്ങളെല്ലാം ഇതിൽ ഇപ്പോൾ ഏൎപ്പെടുത്തിയിരിക്കുന്നുവെന്നാണറിയുന്നതു്.

* * *

മദ്രാസ് സംസ്ഥാനത്തിലെ നാലു ജില്ലകളിൽ കള്ളു കുടിക്കരുതെന്നായിരുന്നുവെല്ലൊ കോൺഗ്രസ്സ് ഭരണം നിശ്ചയിച്ചിരുന്നതു്. സ്വരാജ്യ സമരത്തിൽ "രാജാജി" കള്ളു കുടിയന്മാരോടു കാട്ടിയ ഈ പരാക്രമം വരുന്ന ജനുവരി 1-ാം തിയ്യതി മുതല്ക്കു് ഇല്ലാതാക്കുവാൻ ഗവൎമ്മേണ്ടു് തീൎച്ചയാക്കിരിക്കുന്നു. ഈ നാലു ജില്ലകളിലും കോൺഗ്രസ്സ്കാലത്തിന്ന് മുമ്പ്, കോന്തിയമ്മാമൻെറ കാലത്തുള്ള പോലെ, കള്ളുകുടിയാരംഭിക്കാം. ഈ ഗവൎമ്മേണ്ടു് കല്പന "രാജാജി" യെ വല്ലാതെ ക്ഷോഭിപ്പിച്ചിരിക്കുന്നു. അടുത്തകാലത്തുണ്ടായ ഒരു സംഭവവും അദ്ദേഹത്തെ ഇത്ര ഹലാക്കാക്കീട്ടില്ല. കോൺഗ്രസ്സ് ഗവൎമ്മേണ്ടു് ചെയ്തതിനെ ഇല്ലാതാക്കാൻ ഗവൎണ്ണൎക്ക് അധികാരമില്ലെന്നാണ് ഇദ്ദേഹത്തിൻെറ ന്യായം. അങ്ങിനെയാണെങ്കിൽ കോൺഗ്രസ്സ് വരുന്നതിന്ന് മുമ്പു ജസ്റ്റീസ് കക്ഷിക്കാർ അംഗീകരിച്ച നയമല്ലായിരുന്നുവോ കള്ളുകുടി? അതിനെ വേണ്ടെന്ന് വെക്കുവാൻ കോൺഗ്രസ്സിന്നെന്താണധികാരം? ഇത്രയൊന്നും ക്ഷോഭിക്കേണ്ടാവിശ്യമില്ല. ആരെങ്കിലും പറഞ്ഞുവോ മന്ത്രിസഭയോടു രാജിവെച്ച് പോകാൻ? ഒരു മീശവെച്ചാൽ അതിനെ എടുക്കുന്നതുംകൂടി കുറെ കൂടി ആലോചിച്ചെ മനുഷ്യൻ ചെയ്യുകയുള്ളൂ. മന്ത്രിസഭ രാജിവെക്കുവാൻ അത്രത്തോളംകൂടി കോൺഗ്രസ്സ്കാർ ആലോചിച്ചില്ല.

# പ്രതിവാരചിന്തകൾ

റഷ്യയും ജാപ്പാനും ഇപ്പോൾ എത്രയും ഐക്യഭാവത്തിലാണ് കാണുന്നത്. റഷ്യയിൽ വല്ല വിശേഷദിവസങ്ങളുമുണ്ടെങ്കിൽ അന്ന് ജപ്പാനിൽവെച്ച് പൊടിപൊടിച്ച സദ്യയാണ്. ഇത്രയൊക്കെ മൈത്രീഭാവം ഇവർ തമ്മിൽ കാണുന്നുണ്ടെങ്കിലും അതെല്ലാം ജാപ്പാന്റെ വെറും നയമാണ്. ഒന്നാമതു റഷ്യയെ കാണുമ്പോൾ ജാപ്പാന് ഒരു പനിയുണ്ട്. രണ്ടാമതു, ഇന്നത്തെ സൌകൎയ്യവും മൈത്രീഭാവമാണ്. അല്ലാതെ യഥാൎത്ഥ മൈത്രി ഇവർ തമ്മിൽ ഒരു കാലത്തും ഉണ്ടാവാൻ വഴിയില്ല. ഇത്രയൊക്കെ സ്നേഹബന്ധമുണ്ടെന്ന് ജാപ്പാൻ നടിച്ചിട്ടും റഷ്യ ജാപ്പാനെ സംബന്ധിച്ച് പറയേണ്ടതെല്ലാം വെട്ടപ്പായി പറയുന്നുണ്ട്. ഏഷ്യയുടെ കിഴക്കൻ പ്രദേശങ്ങളിൽ ജാപ്പാന് തന്റെ ആധിപത്യം സ്ഥാപിച്ചാൽ കൊള്ളാമെന്ന് വളരെ മോഹമുണ്ടെന്നും ഈ ഉദ്ദേശം നിറവേററുവാൻ ജാപ്പാൻകാർ പലേതരത്തിലുള്ള നയോപായങ്ങളും എടുത്തുവരുന്നുണ്ടെന്നുമാണ് റഷ്യയിലെ ഒരു പത്രലേഖകൻ അടുത്തൊരു ഘട്ടത്തിൽ തുറന്നുപറയുന്നത്. ഈ നയോപായങ്ങളെല്ലാം ജാപ്പാൻ കാട്ടുന്ന ചില മരണഗോഷ്ടികളാണെന്നാണ് ഈയാളുടെ അഭിപ്രായം. യുദ്ധത്തിന്റെ അവസാനഘട്ടം ജാപ്പാന് വിരോധമായി കലാശിച്ചേക്കാമെന്ന് തീൎച്ചയായതിനാൽ വല്ല ഉപായങ്ങളെക്കൊണ്ടും തന്റെ തല്ക്കാലിക സമ്പാദ്യങ്ങൾ കളയാതെ കഴിച്ചുകൂട്ടിയാൽ കൊള്ളാമെന്നാണ് ജാപ്പാന്റെ വിചാരം എന്നാണ് ഈ പത്രലേഖകൻ പറയുന്നത്.

## റഷ്യാ-ജാപ്പ് സന്ധി

റഷ്യയുടെ വിശേഷദിവസങ്ങളെ കൊണ്ടാടുവാൻ ജാപ്പാൻ വളരെ ശ്രദ്ധിക്കുന്നുണ്ടെങ്കിലും റഷ്യക്കു അത്തരത്തിലുള്ള ശ്രദ്ധയൊന്നുമില്ല. കൊല്ലം 1941 ഏപ്രിൽമാസത്തിൽ റഷ്യയും ജാപ്പാനും തമ്മിൽ അന്യോന്യം ഉപദ്രവിക്കയില്ലെന്നുള്ള സന്ധി ഒപ്പിട്ടതിന്റെ രണ്ടാം വാൎഷികയോഗം ഇക്കൊല്ലം റഷ്യയിൽ തീരേ വിസ്മരിച്ചുപോകയാണുണ്ടായതു്. ജൎമ്മൻ സൈന്യം 1942 ൽ കാക്കസസ്സ് പ്രദേശംവരെക്കും അടിച്ചുകയറിയിരുന്ന ഘട്ടത്തിൽ മാത്രം റഷ്യക്കു് ഈ സന്ധികൊണ്ടു് അല്പം ആശ്വാസംകിട്ടി. അന്ന് ഈ സന്ധി ഇല്ലായിരുന്നുവെങ്കിൽ ജാപ്പാൻ റഷ്യയുടെ കിഴക്കൻ പ്രദേശം ആക്രമിക്കേണമെന്ന് കരുതിയിരുന്നപോലെയായിരുന്നു. ഇവിടുന്നങ്ങോട്ടു ഈ സന്ധികൊണ്ടുള്ള ഗുണം ജാപ്പാനു മാത്രമാണ്. ആ നിലക്കു ഇതിനെ വളരെ ബഹുമാനിച്ചുകൊണ്ടുതന്നെയാണ്



ഇന്ത്യൻ ഹൈകമീഷണർ സേർ. സാമുവെൽ രങ്കനാഥൻ വേവൽ പ്രഭുവിന്ന് ലണ്ടനിൽ ഒരു ഉദ്യാനവിരുന്ന്സൽക്കാരം ചെയ്തു. വേവൽ പ്രഭുവിന്റെ പത്നിയും ലേഡി രങ്കനാഥനും കൂടി സംസാരിക്കുന്നു.

താനും ജാപ്പാന്റെ നടവടികൾ. അമേരിക്കയിൽനിന്നു് റഷ്യക്കു വരുന്ന സഹായങ്ങളിൽ ന്യായമായ ഒരു ഭാഗം ഇന്നും വരുന്നതു് ശാന്തസമുദ്രത്തിൽകൂടെ റഷ്യയുടെ കിഴക്കൻ തുറമുഖങ്ങളിലേക്കാണു്. കഴിയുന്ന ഘട്ടങ്ങളിലെല്ലാം ജാപ്പാൻ റഷ്യയോടുള്ള മൈത്രിയെ ബഹുമാനിക്കുന്ന കാര്യത്തിൽ അത്യാദരവു കാണിക്കുന്നുണ്ടെന്നുമാത്രമല്ല, താൻ അങ്ങിനെ കാട്ടിയെന്നു് റഷ്യയെ ഒരു സ്വരത്തിലും ജർമ്മനിയെ മറെറാരു സ്വരത്തിലും അറിയിക്കുകയും ചെയ്യുന്നു. അത്യാദരശ്ശങ്കനീയ, എന്നു ചാണക്യൻ പറഞ്ഞിട്ടുള്ളതു മറക്കേണ്ടാ.

ക്ലേശമില്ലാതാക്കുവാൻ

യുദ്ധാനന്തരം കുറച്ചുകാലത്തേക്കു് ലോകത്തിലെ പല ഭാഗങ്ങളിലും, വിശേഷിച്ചു് ശത്രുസൈന്യങ്ങൾ കുത്താടിയ രാജ്യങ്ങളിലും, അത്യധികം ക്ഷാമവും ദുർഭിക്ഷവും ഉണ്ടാകുമെന്നു മാത്രമല്ല, മനുഷ്യസമുദായത്തിന്റെ നിവൃത്തിമാർഗ്ഗങ്ങളെല്ലാം കുറെക്കാലത്തേക്കു് അടഞ്ഞു കിടക്കുകയും ചെയ്യാതിരിക്കയില്ല. ഈ ഘട്ടത്തിൽ ക്ഷാമവും ദുർഭിക്ഷവും തീർത്തു മനുഷ്യസമുദായത്തെ വിശപ്പിന്റെ ബാധയിൽനിന്നു് രക്ഷിക്കുവാനും, അവരുടെ നിവൃത്തിമാർഗ്ഗങ്ങൾ ക്രമേണ തുറക്കുവാനും വേണ്ട സഹായങ്ങൾ ചെയ്വാൻ ഐക്യകക്ഷിരാജ്യങ്ങളായ 44 രാജ്യങ്ങളും കൂടിചേർന്നു തീർച്ചയാക്കിയ ഒരു സ്ഥാപനമാണു് യു.എൻ. ആർ.ആർ.എ. എന്നു് പറയുന്നതു്. താല്ക്കാലിക നിവൃത്തിമാർഗ്ഗങ്ങൾ ചെയ്തു എത്രത്തോളം മനുഷ്യസമുദായത്തിന്റെ ദാരിദ്ര്യബാധ തീർക്കാമെങ്കിൽ അത്രത്തോളം ഈ സ്ഥാപനം ചെയ്യുന്നതാണു്. നശിച്ചുപൊയ സ്വത്തുക്കളെ പുനർജ്ജീവിപ്പിക്കുവാൻ ചുരുങ്ങിയ സഹായങ്ങളും ചെയ്യുന്നതായിരിക്കും. എന്നാൽ സമുദായത്തിന്റെ സുഖജീവിതത്തിന്നു് അത്യാവശ്യമായ വെള്ളം, വെളിച്ചം, ഗതാഗതസൌകര്യങ്ങൾ ഇവയെല്ലാം നശിച്ചുപൊയിട്ടുണ്ടെങ്കിൽ അവയെ തീർച്ചയായും നന്നാക്കുന്നതായിരിക്കും. ഈ സ്ഥാപനത്തിൽ അംഗങ്ങളായി ചേർന്നിട്ടുള്ള ഓരോ കോയ്മയും ഇതിലേക്കു് കൊടുക്കേണ്ടതായ തുക നിശ്ചയിക്കുന്നതു് അതാതു രാജ്യത്തിന്റെ പ്രാപ്തിയനുസരിച്ചാകുന്നു. ഇന്ത്യയും ഈ സ്ഥാപനത്തിൽ ഒരു മെമ്പറാണു്.

## സർവ്വകലാശാലകളും ഇന്ത്യൻ വിമാന സേനയിലേക്കുള്ള തിരഞ്ഞെടുപ്പും

ഇന്ത്യയിൽ ആറു സർവ്വകലാശാലകളിൽ ഇപ്പോൾ ഇന്ത്യൻ എയർ ട്രെയിനിങ്ങ് കോർ സ്ഥാപിച്ചിട്ടുണ്ടു്. ഈ സ്ഥാപനം ഇക്കൊല്ലം ആദ്യംതന്നെ കഴിഞ്ഞിരിക്കുന്നു. ഇതിൽനിന്നാണു് ഭാവിയിൽ ഇന്ത്യൻ വിമാന സേനയിലേക്കു ജനറൽ ഡ്യൂട്ടീസ് (എയർ ക്രൂ) ബ്രാഞ്ചിലേക്കു ഓഫീസർമാരെ തിരഞ്ഞെടുക്കുക. ഇവിടുന്നങ്ങോട്ടു്, സർവ്വകലാശാല അധികൃതന്മാർ ഈ സ്ഥാപനത്തിൽനിന്നു തിരഞ്ഞെടുത്തു ശിപാർശി ചെയ്യുയക്കുന്നവർക്കു നേരിട്ടു ഓഫീസേർസ് സിലക്കൻ ബോർഡിന്റെ മുമ്പാകെ പോയി ഹാജരാവാൻ വിരോധമില്ല. ഇതേവരെ ഇവർ പ്രോവിൻഷ്യൽ സിലക്കൻ ബോർഡിന്റെ മുമ്പാകെ ഹാജരാകേണമെന്നുണ്ടായിരുന്നു. ഇന്ത്യൻ വിമാനസേനയിൽ ചേരുന്നവർക്കു വൈമാനികവിഷയങ്ങളിൽ പ്രാഥമികപാഠങ്ങൾ പഠിക്കുവാനുള്ള സൌകര്യത്തിന്നാണു് ഇന്ത്യൻ എയർ ട്രെയിനിങ്ങ് കോർ സ്കീം നടപ്പാക്കിയതു്. ഇന്ത്യൻ വിമാനസേനയിൽ വിദ്യാഭ്യാസവും സ്വഭാവഗുണവും ഉള്ളവരെ കൊണ്ടുവിടുകയുമാണു് ഈ സ്കീമിന്റെ ഉദ്ദേശം.

# റഷ്യാ — ജർമ്മൻ യുദ്ധം

## 220-ാമത്തെ ആഴ്ച

## 1941 ജൂൺ 22-ാം തിയ്യതി ആരംഭിച്ച

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1943 നവെമ്പർ 26-ാംനു്, വെള്ളിയാഴ്ച


## ശാന്തസമുദ്രം

ശാന്തസമുദ്രം ശാന്തതയെ വിട്ടുതുടങ്ങിയിരിക്കുന്നു; അമേരിക്ക അവിടെ അല്പാല്പമായി തെക്കുപടിഞ്ഞാറൻ ഖണ്ഡത്തിൽ നടത്തിവന്നിരുന്ന യുദ്ധോദ്യമങ്ങളുടെ പ്ലാൻ ഇതേവരേയും ആർക്കും അറിയാതെ കിടന്നിരുന്നതു് ഇപ്പോഴതാ ശങ്കാവിഹീനം ആർക്കും ബോദ്ധ്യം വരത്തക്കനിലയിൽ പ്രത്യക്ഷമായിരിക്കുന്നു. കഴിഞ്ഞ ഒന്നിൽചില്വാനം കൊല്ലമായി ജനറൽ മക്ക് ആർതർ ഈ പ്രദേശത്തു ചെന്നു് താമസം തുടങ്ങി. അവിടെ ഒരു ദ്വീപു പിടിച്ചു; ഇവിടെ ഒരു ദ്വീപു പിടിച്ചുവെന്നുള്ള റിപ്പോർട്ടുകൾ കൊണ്ടു് അരങ്ങു് മുഴക്കിപ്പിച്ചിരുന്നു. പക്ഷെ അങ്ങിനെയല്ലാതെ നിവൃത്തിയില്ലെന്നും ആളുകൾ സമ്മതിക്കാതിരുന്നിട്ടില്ല. ഒരു പിടി ചാമയെടുത്തു വെള്ളത്തിലിട്ടാൽ അതു പാറിക്കളിക്കുമെന്നു വിചാരിക്കുക. അങ്ങിനെ പാറിക്കളിക്കുന്ന ചാമേരികൂട്ടം പോലെയാണു് തെക്കുപടിഞ്ഞാറൻ ശാന്തസമുദ്രത്തിൽ ഉള്ള ദ്വീപുകളുടെ സ്ഥിതി. ഇവയിൽ പലതിലും, വിശിഷ്യ സോളമൻ ദ്വീപുകൂട്ടത്തിലും ജാപ്പാൻ വന്നു് കയ്യേറി അടിയുറപ്പിക്കുകയും ചെയ്തിരുന്നു. സോളമൻ ദ്വീപുകളിൽ ജാപ്പാനുള്ള ആധിപത്യം ഇനി റബാൾ എന്ന തുറമുഖത്തു മാത്രമെ ബാക്കിയുള്ളൂ. അവിടേയും അവരുടെ സ്ഥിതിക്കു് ആട്ടം തുടങ്ങിയെന്നു പറയാം.

ജനറൽ മക്ക്ആർതർ ഇനി എന്താണു് ചെയ്യാൻ പോകുന്നതെന്നു് വിവരമില്ലാതെ അന്ധാളിച്ചിരിക്കയായിരുന്നു ലോകം. ഇടക്കിടക്കു ഒരോ ദ്വീപു പിടിച്ചുകൊണ്ടു് ജാപ്പാനെ തോല്പിക്കുവാൻ തുടങ്ങുകയാണെങ്കിൽ ഒരു മനുഷ്യായുസ്സുകൊണ്ടും അതു് സാധിക്കാൻ പ്രയാസമാണു്. എന്നാൽ മക്ക്ആർതറുടെ പ്ലാൻ ഇതല്ലാതെ മറെറാന്നുമല്ലായിരുന്നുവെന്നുമാണു് ലോകം പൊതുവെ വിചാരിച്ചിരുന്നതു്. അങ്ങിനെയിരിക്കുന്ന ഘട്ടത്തിൽ കഴിഞ്ഞാഴ്ചയിലതാ, സോളമൻ ദ്വീപു് കൂട്ടത്തിൽ നിന്നു് ഗിൽബെട്ടു് ദ്വീപുകൂട്ടത്തിലേക്കു് നമ്മുടെ ദൃഷ്ടിയെ ആകർഷിച്ചിരിക്കുന്നു. ഗിൽബർട്ടു് ദ്വീപുകൾ സോളമൻ ദ്വീപുകളിൽനിന്നു് സുമാറു ആയിരം നാഴിക വടക്കാണു് കിടക്കുന്നതു്. ഈ കൂട്ടത്തിൽ രണ്ടു് ദ്വീപുകളിന്മേൽ അമേരിക്കൻ സൈന്യങ്ങൾ ചെന്നിറങ്ങിയിരിക്കുന്നു. ഇവർ വല്ലവിധേനയും തെണ്ടിത്തിരിഞ്ഞു അവിടെ ചെന്നിറങ്ങിയതല്ല. കടൽ സൈന്യം, കര സൈന്യം, വിമാന സൈന്യം ഈ മൂന്നു വകുപ്പുകളും ആക്രമണത്തിൽ പങ്കെടുത്തിരുന്നു. ഈ ആക്രമണം നടത്തുന്ന ഘട്ടത്തിൽതന്നെ അവിടെനിന്നും കുറെ വിട്ടുകിടക്കുന്ന മാർഷൽ ദ്വീപുകളിലും അമേരിക്കൻ കടൽസൈന്യംചെന്നു് ആക്രമണം നടത്തിട്ടുണ്ടു്. ഈ പുതിയ ആക്രമണങ്ങൾ ആരംഭിച്ചതു് ജാപ്പാനെ ഒരു കടൽ യുദ്ധത്തിലേക്കു് പോക്കുവിളിച്ചുകൊണ്ടാണു്. ഒട്ടും താമസിയാതെ അതിഗംഭീരമായ ഒരു കടൽ യുദ്ധം ഇതിന്നടുത്തുവെച്ചു് ഉണ്ടാകാതെ കഴികയില്ല. ഇപ്പോൾ തുടങ്ങിയ പുതിയ ആക്രമണംകൊണ്ടു് ജാപ്പാനിലേക്കുള്ള വഴിയേതാണെന്നു് തെളിഞ്ഞു കാണുന്നുണ്ടു്. ജാപ്പാന്റെ നേരെ കടൽമാർഗ്ഗമായുള്ളാക്രമണത്തിനാണു് എത്രയും എളുപ്പം. മാത്രമല്ല, കടൽ യുദ്ധത്തിൽ തോല്പിച്ചു കാലൊടിച്ചുവിട്ടല്ലാതെ ജാപ്പാനെ പൂർണ്ണമായി തോല്പിക്കുവാനും സാധിക്കയില്ല.

---

## പരാജയം

കാര്യങ്ങളുടെ ഗുണദോഷം വേണ്ടപോലെ വിവേചനം ചെയ്യുന്നവർ ഒരു പോർക്കളത്തിൽ നടക്കുന്ന സംഭവങ്ങളെ സംബന്ധിച്ചു് വിജയമെന്നും പരാജയമെന്നും ഉള്ള പദങ്ങൾ പ്രയോഗിക്കുന്നതു വളരെ സൂക്ഷിച്ചിട്ടായിരിക്കും, അല്ലാതെ നിവൃത്തിയില്ല. ഒരു സംഭവത്തെ മാത്രം മററു സംഭവങ്ങളിൽനിന്നു തിരഞ്ഞെടുത്തു് അതിനെ ഒരു വിജയമെന്നോ പരാജയമെന്നൊ ഒരിക്കലും പറഞ്ഞുകൂടാ. ഈ സംഗതി മനസ്സിലാക്കുവാൻ ഒരു യുദ്ധം കണ്ടു് പരിചയം വേണമെന്നില്ല. ചതുരംഗം കളിപ്പാൻ നിശ്ചയമുള്ള ഒരാൾക്കു കൂടി ഇതിന്റെ പൊരുൾ ധാരാളം മനസ്സിലാക്കാം. ഒരു ഘട്ടത്തിൽ ഒരു കരു മുന്നോട്ടു പോകുന്നത്ര വേഗത്തിൽ തന്നെ പിന്നോക്കം പോരേണ്ടതായും വന്നേക്കാം. ഇതെല്ലാം പോരിന്റെ ചില പൊരുളാണു്. ഈവക കാര്യങ്ങൾ വേണ്ടപോലെ ഗ്രഹിക്കാതെ, എന്തു കണ്ടാലും, ആന പിണ്ടിയിടുന്നതായാലും, ആശ്ചര്യപ്പെടുന്ന ബുദ്ധിയോടു കൂടി യുദ്ധകാര്യങ്ങളിൽ അഭിപ്രായപ്പെടുന്നതിലും അബദ്ധമായി മറെറാന്നുമില്ല. അടുത്ത ഘട്ടത്തിൽ ഇങ്ങിനെ രണ്ടു സംഭവങ്ങളുണ്ടായി. ഡോഡെക്കാനീസ് ദ്വീപുകളിൽപെട്ട ലെറോസ് ദ്വീപിൽ ബ്രിട്ടീഷു് സൈന്യവും ജർമ്മൻ സൈന്യവും കൂടി കൂട്ടിമുട്ടി. അഞ്ചു ദിവസം പോരാടി. ഒടുവിൽ ബ്രിട്ടീഷുകാർ അവിടെ നിന്നൊഴിച്ചു. ഈ സംഭവം ഒരു ജയമൊ പരാജയമൊ അല്ല. അടുത്തവസരത്തിൽ ഐക്യകക്ഷികൾ ബാൾക്കൻ പ്രദേശത്തു് അതിഗംഭീരമായ ഒരാക്രമണം നടത്താതിരിക്കയില്ല. ഇതാ

രംഭിക്കുന്നതിന്നുമുമ്പു് അന്യോന്യം ഒരു ശക്തിപരീക്ഷ നടത്തിക്കളയാമെന്നു കരുതിയെന്നു മാത്രമെയുള്ളൂ. ഈ ശക്തിപരീക്ഷയിൽ സർവ്വ സൈന്യമുഖങ്ങളും ഉണ്ടായിരുന്നില്ല. വിമാനസൈന്യം മാത്രമെയുണ്ടായിരുന്നുള്ളൂ. ഇങ്ങിനെയുള്ള ഒരു സംഭവത്തെ വലുതാക്കി പറയുന്നതു് വെറും ബുദ്ധിമോശമെന്നെ പറവാനുള്ളൂ. ഇതുപോലെതന്നെയാണു് ജിത്തോമിർ നഗരിയിൽ-നിന്നു റഷ്യൻ സൈന്യം ഒഴിച്ചുപോന്ന സംഗതിയെപററിയും ചില ആളുകളുടെ അഭിപ്രായം. ജർമ്മൻ സൈന്യം അത്യുഗ്രമായി ഈ സ്ഥലത്തു വെച്ചു യുദ്ധം ചെയ്തിട്ടുണ്ടെന്നു പറയാമെങ്കിലും റഷ്യൻ സൈന്യം അവിടെ നിന്നൊഴിച്ചതു് വെറും ഒരു യുദ്ധതന്ത്രം കൊണ്ടു മാത്രമാണു്. ജിത്തോമിർ പടിഞ്ഞാററൻ യൂക്കറൈനിലെ ഒരു നഗരിയാകുന്നു.

---

## പ്രേമം

എന്തെങ്കിലും വല്ല കെട്ടുകഥയും കെട്ടിച്ചമച്ചോ, വല്ല പഴയ പൊന്നാരങ്ങളും നിർവ്വചിച്ചോ സമയം തള്ളി ജോലിയുടെ പാരിതോഷികസന്ദർഭം കാത്തിരിക്കുന്ന ഒരു മനസ്ഥിതിയല്ല ഒരു കേരളസന്താനത്തിന്നു കേരളത്തെപ്പററിയെഴുതുമ്പോൾ, പ്രത്യേകിച്ചും ഇക്കാലത്തു്, ഉണ്ടാകാവുന്ന മനഃസ്ഥിതി. കേരളത്തെപ്പററിയുള്ള പ്രതിപാദ്യത്തിന്നു സഞ്ചികയിൽ പ്രത്യേകസ്ഥാനം നൽകേണമെന്നുള്ള അഭിപ്രായം ദേശീയ സമരനിരയുടെ അധികൃതന്മാരിൽനിന്നു തന്നെ കിട്ടിയതു് ഇല്ലത്തുണ്ണിയുണ്ടായപോലുള്ള ഒരു സന്തോഷം ഇതെഴുതുന്നാളുടെ ഹൃദയത്തിൽ ജനിപ്പിച്ചുവെന്നു പറയുന്നതു അതിശയോക്തിയല്ലെ. ഈ സന്തോഷത്തിന്നു പ്രത്യേകം കാരണമുണ്ടു്. കാലസ്ഥിതി നിമിഷംപ്രതി, അതിഭയങ്കരമായിക്കൊണ്ടാണു് നമ്മുടെ അക്ഷികൾക്കു ലക്ഷീഭവിക്കുന്നതു്. നാസ്തിബലവും കരുത്തും ഉള്ള സമുദായം നില നില്ക്കും; മറേറതു് നശിക്കാതെ കഴികയില്ലെന്നുള്ള ഒരു വിഷമഘട്ടത്തിലാണു് ലോകസ്ഥിതി എത്തിയിരിക്കുന്നതു്. സാമ്പത്തികമായ അധഃപതനം കൊണ്ടു നമ്മുടെ കേരളസമുദായത്തിന്റെ സ്ഥിതി എത്രയൊ ശോചനീയാവസ്ഥയിലാണു് കിടക്കുന്നതു്. ഈ സ്ഥിതിയിൽ നമ്മുടെ ജീവിതരീതിയൊന്നു് ചിട്ടപ്പെടുത്തി, ഭാവി ക്ലേശരഹിതമാക്കിതീർക്കുവാനുള്ള ഒരു യോഗം നമുക്കു കൈവരുമൊ എന്നാണു് പ്രശ്നം. ഈ ഘട്ടത്തിൽ, യുദ്ധകാലത്തെയും യുദ്ധാനന്തരമുണ്ടാകുന്ന കാലത്തെയും കേരളസമുദായത്തിന്റെ നിവൃത്തിമാർഗ്ഗങ്ങളെ സംബന്ധിച്ചുള്ള ചിന്തകൾ അധികാരശക്തിയോടുകൂടി ചെയ്യാവുന്നുള്ള കർത്തൃത്വം റാവുബഹദൂർ എം. കുഞ്ഞിരാമൻ നായരുടെ കൈവശമാണെന്നുള്ള യഥാർത്ഥസ്ഥിതികൊണ്ടു് മനസ്സിന്നുണ്ടാകുന്ന ധൈര്യവിശ്വാസം എത്രയാണെന്നു പറവാൻ വയ്യ.

> "വിധുരാവിരഭൂൽ പുരോഭുവി
> ദ്രുപദേന്ദ്രാത്മഭവാചകോരികാം
> സ്മിതചന്ദ്രികയാ പ്രഹർഷയൻ
> ചലദക്ഷ് ചഞ്ചുപുടാം തമോപഹാ.

എന്നു് കിർമ്മീരവധത്തിൽ കൃഷ്ണന്റെ സാന്നിദ്ധ്യം കൊണ്ടു് ദ്രൌപതിക്കുണ്ടായ സന്തോഷംപോലെയാണു് ഇയ്യുള്ളവന്റെ സന്തോഷത്തിന്റേയും ധൈര്യവിശ്വാസത്തിന്റെയും സ്ഥിതി. ഇങ്ങിനെയുള്ള ശുഭാവസരം പാഴാക്കിക്കളയരുതെന്നും കേരളസമുദായത്തിന്റെ നിവൃത്തിമാർഗ്ഗങ്ങൾ അനശ്വരമായ അടിസ്ഥാനത്തിൽ ഉറപ്പിക്കുമാറാകേണമെന്നും അതിന്നുള്ള ചിന്താപഥങ്ങൾ ഓരോന്നോരോന്നായി വെട്ടിത്തെളിയിക്കേണമെന്നും കരുതി പലേ അഭിപ്രായങ്ങളും പല സന്ദർഭങ്ങളിലുമായി സഞ്ചികയിൽ പ്രസ്ഥാപിക്കുകയുണ്ടായി. ഇവയെ സംബന്ധിച്ചെല്ലാം പൊതുജനാഭിപ്രായം രൂപീകരിച്ച ഒരു സ്വരൂപം കാണുവാനുള്ള കൊതിക്കു് അളവില്ലേ, ഇല്ല. ഇതിന്നു കാരണം മറെറാന്നുമല്ല. ഒരു കേരളസന്താനത്തിന്നു് ജന്മഭൂമിയെപ്പററി ചിന്തിക്കുന്നവസരത്തിൽ ഇന്നത്തെ സ്ഥിതിക്കു് ഉറക്കം വരുന്നതല്ല. പ്രകൃത്യാലുള്ള പ്രേമത്തിന്നും, ഇന്നത്തെ കേരളത്തിന്റെ കഷ്ടപ്പാടുകൾ കൊണ്ടുള്ള പരവശതക്കും അത്ര ശക്തിയാണു്. യഥാർത്ഥത്തിൽ, വിജയനോടുള്ള പ്രേമാലസ്യത്തിൽ മുഴുകിയ സുഭദ്ര സന്ന്യാസിയോടു വർത്തമാനം ചോദിച്ചറിയുന്ന പോലെയാണു് ഈയുള്ളവൻ കേരളത്തെപ്പററി നിരന്തരമായി വർത്തമാനങ്ങൾ കാണുന്നവരോടെല്ലാം ചോദിച്ചറിയുന്നതു്. കേട്ടിട്ടില്ലേ:

> "ഇന്ദ്രപ്രസ്ഥം കിമസി ഗതവാൻ തത്ര സംബന്ധിനീ നഃ
> കുന്തീദേവീ കിമു കുശലിനീ നന്ദനൈർദ്ധർമ്മജാദ്യൈഃ
> പുത്രസ്തസ്യാസ്സഖലുവിജയഃ ക്ലിശ്യതെ തീർത്ഥചാരൈ-
> സ്തീർത്ഥ സ്നായിൻ കിമുസഭവതാ വീക്ഷതോ വാ ശ്രുതോവാ."

---

## മലബാർ ഇംപ്രൂവ്മെൻറ് ട്രസ്ററ്

ഇങ്ങിനെയൊരു സ്ഥാപനത്തിന്റെ ആവിശ്യകതയേയും, ഗുണദോഷങ്ങളേയും സംബന്ധിച്ചു് അടുത്ത ലക്കം മുതല്ക്കു ചില ലേഖനങ്ങൾ പ്രസിദ്ധീകരിപ്പാനുദ്ദേശിക്കുന്നുണ്ടു്. അവയെ യഥാവസരം വായിച്ചു് അഭിപ്രായങ്ങൾ എഴുതി അറിയിപ്പാൻ മാന്യവായനക്കാരോടപേക്ഷ.

# ലഫ്ടനൻറ് എൻ. അനന്തൻ നായർ

## ഒരഭിമുഖ സംഭാഷണം

[കേരളസന്താനങ്ങൾ ലക്ഷക്കണക്കായി യുദ്ധത്തിൽ പങ്കുകൊണ്ടു് ദേശാഭിമാനം പുലർത്തിയും, കുടുംബക്ലേശം തീർത്തും വരുന്ന ഒരു കാലമാണിതു്. ഈ ഘട്ടത്തിൽ ഇവരുടെ ഇടയിൽ ബഹുമതികൾ നേടിയ ഒരു വീരയുവാവിനെ കാണുവാനും, അദ്ദേഹത്തോടു സംസാരിപ്പാനും ഇടവരുന്നതിലും സന്തോഷകരമായിട്ടുള്ള മറെറന്തു പ്രവൃത്തിയാണുള്ളതു്! ഇദ്ദേഹത്തിന്നു് എം. ബി. ഇ. ബഹുമതി കിട്ടിയതു് ഒരു ഘട്ടത്തിൽ താൻ ഒരു കച്ചവടക്കപ്പലിലെ സെക്കൻറ് റേഡിയൊ ഓഫീസറായി ജോലി ചെയ്തിരുന്നവസരത്തിൽ ജാപ്പാൻ പടക്കപ്പലിൻെറ ആക്രമണം നേരിടുകയും ഈ ആക്രമണത്തിൽനിന്നു ധീരധീരം പൊരുതു് രക്ഷപ്പെടുകയും ചെയ്തതിന്നാണു്. ഇപ്പോൾ ഇദ്ദേഹം തേർഡ് മദ്രാസ് റെജിമെൻറിൽ സെക്കൻറ് ലഫ്ടനൻറ് ആകുന്നു.]


ചോദ്യം : അനന്തൻ നായരേ, നിങ്ങളുടെ സ്വദേശം ഏതാണു്

ഉത്തരം : തിരുവിതാംകൂർ എന്നുമാത്രമല്ല, തിരുവനന്തപുരം തന്നെ. ഇവിടെയാണു് എൻെറ ചെറുപ്പകാലം മുഴുവൻ കഴിച്ചുകൂട്ടിയതു്.

ചോദ്യം : നിങ്ങൾ കച്ചവടക്കപ്പൽ ജോലിയിൽ എന്നാണു് പ്രവേശിച്ചതു് ?

ഉത്തരം : നാലു കൊല്ലം മുമ്പു്. അന്നു് എനിക്കു ഇരിപത്തൊന്നു വയസ്സായിരുന്നു.

ചോദ്യം : നിങ്ങൾ കച്ചവടക്കപ്പൽ ജോലിയിൽ പ്രവേശിപ്പാനെന്തു കാരണം ?



ലഫ്ടനെൻറ് എൻ. അനന്തൻ നായർ, എം.ബി.ഇ.

ഉത്തരം : എന്താണു് കാരണമെന്നു ചോദിച്ചാൽ സമാധാനം പറയുവാൻ കുറെ വിഷമമാണു്. എങ്കിലും ഒരു സംഗതി ഞാൻ ഓർക്കുന്നുണ്ടു്. ഞാൻ ജനിച്ചു വളർന്നതു് ഒരു കടലോരത്തുള്ള ദേശത്താണു. കുട്ടിക്കാലത്തു് കടപ്പുറത്തു പോകുമ്പോൾ വളരെ ദൂരത്തായി കപ്പലുകളുടെ പോക്കുവരവു് ധാരാളം കാണാറുണ്ടായിരുന്നു. അവയിൽ നിന്നു് അതിപ്രഭയോടുകൂടി കാണുന്ന വെളിച്ചവും കടലിൻെറ ഗാംഭീര്യവും, എൻെറ ബാലഹൃദയത്തിൻെറ ഭയമില്ലായ്മയും, എല്ലാം കൂടിച്ചേർന്നു് എൻെറ മനസ്സിനെ ആകർഷിച്ചതായിരിക്കണം ഈ ജോലിയിലേക്കെന്നാണു് ഞാൻ വിചാരിക്കുന്നതു്. തരമുണ്ടെങ്കിൽ ഒരു കപ്പലിൽ കയറികൂടി ഒരു ജോലിക്കാരനായാൽ കൊള്ളാമെന്നു് എനിക്കു വളരെ ആഗ്രഹമുണ്ടായിരുന്നു.

ചോദ്യം : ഈ കാരണമല്ലാതെ, ഈ ജോലിയിൽ പ്രവേശിപ്പാൻ മററു വല്ല കാരണങ്ങളും ഉണ്ടായിരുന്നുവോ ?

ഉത്തരം : ഞാൻ ഈ ജോലിയിൽ പ്രവേശിക്കുന്നതിൻെറ അല്പം മുമ്പു് വയർലസ്സ് ഓപ്പറെറററുടെ പരീക്ഷയിൽ എനിക്കു ഒരു മാർക്കോണി സർട്ടിഫിക്കെററ് കിട്ടീട്ടുണ്ടായിരുന്നു. ഈ പഠിപ്പനുസരിച്ചുള്ള ഒരു ജോലിയിൽ പ്രവേശിച്ചാൽ കൊള്ളാമെന്നുള്ള മോഹം എനിക്കില്ലാതില്ലായിരുന്നില്ല. ഏതായാലും ഇക്കാലത്തു് ഞാൻ കല്ക്കത്തയിലായിരുന്നതുകൊണ്ടു കല്ക്കത്തയിൽനിന്നു സിങ്കപ്പൂരിലേക്കു പോയ്ക്കൊണ്ടിരുന്ന ഒരു കപ്പലിൽ സെക്കൻറ് റേഡിയൊ ഓഫീസറുടെ ജോലി കിട്ടി.

ചോദ്യം : ജോലികിട്ടി നിങ്ങളുടെ ആദ്യത്തെ കപ്പൽ യാത്ര എന്നാണുണ്ടായതു് ?

ഉത്തരം : 1940 ൽ ആദ്യമായിരുന്നു.

ചോദ്യം : നിങ്ങളുടെ യാത്രകളിൽ ഏതെല്ലാം തുറമുഖങ്ങളിലാണു് കപ്പൽ നിർത്തിയിരുന്നതു് ?

ഉത്തരം : മിക്കവാറും റംഗൂണിൽ പോകാതിരിക്കയില്ല. ചിലപ്പോൾ സിങ്കപ്പൂർ, പെനാങ്ങ്, പോർട്ടു് സ്വാററൻഹാം, മലാക്കാ, അക്കയാബ് എന്നീ സ്ഥലങ്ങളിലും ചെല്ലാറുണ്ടു്.

ചോദ്യം : കപ്പലിൽ ജോലി ചെയ്യുകകൊണ്ടു് നിങ്ങൾ എത്ര തവണ യാത്ര ചെയ്തിട്ടുണ്ടു് ?

ഉത്തരം : അനവധി തവണ. മാസത്തിൽ ചുരുങ്ങിയതു് മൂന്നു യാത്രയാണു് കണക്കു്.

ചോദ്യം : അങ്ങിനെയാണെങ്കിൽ ചോര പതക്കുന്ന പല സന്ദർഭങ്ങളും നിങ്ങൾക്കുണ്ടായിരിക്കാനിടയുണ്ടല്ലോ ?

ഉത്തരം : ധാരാളം. 1942 ൽ ആദ്യം ഞാൻ ഒരു പാസഞ്ചർ കപ്പലിലായിരുന്നു. അതു് റംഗൂണിൽനിന്നു പോകുന്ന കപ്പലാണു്. കൂരിരുട്ടു്. കടലാണെങ്കിൽ കീഴ്മേൽ മറിയുന്നു. കുറച്ചു ദൂരെയായി ചെറിയ ഒരു ബോട്ടു് കണ്ടു. ഞങ്ങൾക്കു സംശയമായി. ജീവനെ കൊതിയുള്ളാരും ന്യായമായ ഒരു ജോലിയിലാണെങ്കിൽ കോളിളക്കമുള്ള ഒരു കടലിൽ ഇത്ര ചെറിയ ഒരു ബോട്ടിൽ വരികയില്ലെന്നു തീർച്ചയാണു്. ഉടനെ ഞങ്ങൾ അതിനെ ഓടിക്കുവാനാരംഭിച്ചു. അപ്പോൾ ആ ബോട്ടു് ഞങ്ങളുടെ വഴിമുറിച്ചു കടക്കുവാൻ ശ്രമിച്ചു തുടങ്ങി. ഞങ്ങളുടെ കപ്പൽ കൊണ്ടുചെന്നു അതിൻെറ നേരെയങ്ങോട്ടു് മുട്ടിച്ചു. അപ്പോഴല്ലെ ഞങ്ങൾക്കു കാര്യം മനസ്സിലായതു്. അതു് മത്സ്യം പിടിക്കുന്ന ബർമ്മക്കാരുടെ ഒരു ബോട്ടായിരുന്നു. ബോട്ടു് മറിഞ്ഞു് അതിലുള്ള മീനെല്ലാം പോയി. അതിലുണ്ടായിരുന്ന നാലു ബർമ്മക്കാരെ ഞങ്ങൾ രക്ഷപ്പെടുത്തി. പിടിച്ച മത്സ്യമെല്ലാം പോയതിനെപ്പററി അവർ വല്ലാതെ വ്യസനിച്ചു.

ചോദ്യം : ഇതെല്ലാതെ, രോമാഞ്ചം ഉണ്ടാക്കുന്ന മററു വല്ല സംഭവങ്ങളും ഉണ്ടായിട്ടുണ്ടോ.

ഉത്തരം : ഓഹൊ ; ഒരു പ്രാവിശ്യം ഞങ്ങളുടെ കപ്പൽ നിറച്ചു് പെട്രോൾ കൊണ്ടുപോകുമ്പോൾ അതിനെ ശത്രുക്കൾ ടോർപ്പെഡൊ ചെയ്തു. ജന്മാന്തരം കൊണ്ടു ടോർപ്പെഡൊ കപ്പലിൽ തട്ടിയില്ല. അതു സ്കിപ്പറുടെ സാമർത്ഥ്യംകൊണ്ടുമാത്രമായിരുന്നു. കപ്പലിൻെറ ഗതിയെ ഭേദപ്പെടുത്തുന്നതു് ആയാളല്ലെ ? ജാപ്പാൻകാർ റംഗൂൺ പിടിച്ചു് കുറച്ചു കഴിഞ്ഞിട്ടാണു് ഇതുണ്ടായതു്.

ചോദ്യം : നിങ്ങൾക്കു എം.ബി.ഇ. ബഹുമതി നൽകിയിരിക്കുന്നുവെന്നു കേട്ടപ്പോൾ നിങ്ങൾക്കെന്താണു് തോന്നിയതു് ?

ഉത്തരം : സന്തോഷമല്ലാതെ മറെറന്താണു് തോന്നുക. പക്ഷെ അല്പം ആശ്ചര്യം തോന്നാതില്ലായില്ല. കാരണം, എനിക്കു ബഹുമതിക്കു കാരണമായ സംഭവം എത്രയൊ സാധാരണമായിട്ടുള്ളതാകുന്നു.

ചോദ്യം : അതു് നിങ്ങളുടെ വിനയംകൊണ്ടു തോന്നുന്നതാണു്. ആട്ടെ, നിങ്ങളുടെ ബഹുമതിക്കു കാരണമായ സംഭവം ഒന്നു വിശദമായി പറഞ്ഞുതരാമൊ ?

ഉത്തരം : 1942 ഏപ്രിൽ 5-ാം തിയ്യതിയാണു് ഇതുണ്ടായതു്.

ഈ സംഭവം നടന്നതു് 1942 ഏപ്രിൽ 5-ാം തിയ്യതിയായിരുന്നു. ഞങ്ങൾ അന്നു് ബങ്കാള ഉൾക്കടലിൽ കൂടിയാണു് പോയിരുന്നതു്. സമയം പ്രഭാതം. ഒരു തിങ്കളാഴ്ചയാണെന്നാണു് എൻെറ ഓർമ്മ. എൻെറ ജോലി കഴിഞ്ഞു് അധികമായിട്ടില്ല. ഞാൻ എൻെറ കാബിൻ (മുറി) ലേക്കു പോയി ഒരു കോപ്പ കാപ്പി കുടിച്ചു് ഉറങ്ങുവാൻ ഭാവിക്കയായിരുന്നു. അപ്പോഴാണു്, നമ്പൂരി പറയുംപോലെ, പരിഭ്രമിക്കാനുള്ള സമയമായതു്.

ചോദ്യം : കപ്പലിലെ മററു ജോലിക്കാർ എവിടെയായിരുന്നു ?

ഉത്തരം : പ്രസ്തുത സമയം മിക്കവാറും ജോലിക്കാർ ഉറങ്ങുന്നസമയമാണു്. അലാറംവിളി കേട്ടപ്പോൾ എല്ലാവരും പെട്ടെന്നെഴുന്നേററു് അവരവരുടെ കൃത്യസ്ഥലങ്ങളിൽ എത്തിച്ചേർന്നു.

ചോദ്യം ; അലാറം കൊടുപ്പാനെന്തായിരുന്നു കാരണം ?

ഉത്തരം: അപ്രതീക്ഷിതമായി ആകാശത്തിൽനിന്ന് ഒരു വിമാനത്തിന്റെ ശബ്ദം കേൾക്കാറായി. കേട്ടമാത്രയിൽതന്നെ അതിനെ കപ്പലിന്റെ നേരെ മേൽഭാഗത്തും കാണാറായി. കപ്പലിന്റെ മുൻഭാഗത്തു ഒരു ഉണ്ട വന്നുവീണപ്പോൾ ഞാൻ എന്റെ മുറിയിൽ തന്നെയായിരുന്നു. ഉടനെ എന്റെ ജോലിസ്ഥലത്തേക്കു ഞാൻ ഓടിയെത്തി. ഡെക്കിന്റെ മുകളിൽ ചെന്നു നോക്കിയപ്പോളാണ് ഒരു വിമാനം മാത്രമല്ലായിരുന്നുവെന്നു മനസ്സിലായതു്. ഒരു പുറത്തു് ഒരു വിമാനവാഹിനി കപ്പലും, മറുപുറത്തു് ഒരു ക്രൂയിസർ കപ്പലും, മൂന്നാമതൊരെടത്തു ഒരു ഗൺബോട്ടും വന്നെത്തിയിരുന്നു. ഇവരെല്ലാം അതിവേഗത്തിലാണ് ഞങ്ങളുടെ കപ്പലിന്നരികിലേക്കു വന്നെത്തിയതു്. ആദ്യം ഞങ്ങളുടെ നേരെ വെടി തുടങ്ങിയതു് വിമാനവാഹിനിക്കപ്പലായിരുന്നു. ജാപ്പാൻകാരാണ് ഞങ്ങളെ ആക്രമിക്കുന്നതെന്നു ഞങ്ങൾക്കു തീർച്ചയായി.

ചോദ്യം: നിങ്ങടെ കപ്പലിന്റെ രക്ഷക്കു വേണ്ടതായ ആയുധങ്ങൾ കൈവശം ഉണ്ടായിരുന്നുവൊ?

ഉത്തരം: ഒരു സാധനമുണ്ടായിരുന്നില്ല. യഥാർത്ഥത്തിൽ ഞങ്ങൾ നിരായുധന്മാരായിരുന്നു. ഞങ്ങൾക്കു വേറെ തുണക്കപ്പലുകളും ഉണ്ടായിരുന്നില്ല. ഈ സ്ഥിതിയിൽ ഞങ്ങളുടെ നേരെ ജാപ്പാൻകാർ വെടി തുടങ്ങി. വളരെ അടുത്തു്, 300 വാരയടുത്തു, വന്നിട്ടും അവർ വെടി മാററിയില്ല. ഇതിന്നെല്ലാം പുറമെ മൂന്നു ജാപ്പാൻ വിമാനങ്ങൾ ഞങ്ങളെ ഇടവിടാതെ ബോംബിട്ടിരുന്നു. നിരായുധരായ ഞങ്ങളുടെ നേരെയുള്ള ഈ ആക്രമണം രാഷ്ട്രമര്യാദക്കു വിരോധമാണെന്നു ഞങ്ങൾക്കറിയാം. എന്നാൽ ജാപ്പാൻകാർ മര്യാദകാട്ടുന്നവരല്ലെന്നു ഞങ്ങൾക്കു മുമ്പുതന്നെ അറിയാമായിരുന്നു.

ചോദ്യം: ശത്രുക്കൾ ഈവിധം ഉപദ്രവിക്കുന്ന ഘട്ടത്തിൽ സഹായത്തിന്നായി ഒരു വയർലസ്സ് സന്ദേശം അയക്കായിരുന്നില്ലെ?

ഉത്തരം: ഒരു സന്ദേശമെങ്കിലും അയപ്പാൻ സാധിക്കുന്നതിന്നു മുമ്പ് ഞങ്ങളുടെ വയർലസ്സ് യന്ത്രം ശത്രുക്കൾ വെടിവെച്ചു നശിപ്പിച്ചിരുന്നു. എന്നിട്ടും, കയ്യിൽ തൂക്കിക്കൊണ്ടുപോകുന്ന ഒരു റേഡിയൊ യന്ത്രം ഒരു ലൈഫ് ബോട്ടിൽ വെച്ചു ഒരു സന്ദേശം അയക്കുവാൻ ഞാൻ ശ്രമിച്ചു. അപ്പോഴേക്കും, അതിനെയും അവർ വെടി വെച്ചു നശിപ്പിച്ചു. ഇതിന്നുള്ളിൽ കപ്പലിന്റെ സ്ഥിതി വളരെ മോശത്തിലായി. അതു് മുങ്ങുന്ന ഘട്ടവുമായി. കപ്പൽ വിട്ടേക്കാനായി കാപ്റ്ററൻ കല്പന കൊടുത്തു. മുപ്പതോളം വെടി കൊണ്ടു പൊളിഞ്ഞ കപ്പലുണ്ടോ നിലനില്ക്കാൻ പോകുന്നു! അഞ്ചു നിമിഷം കൊണ്ടു കപ്പൽ മുങ്ങി. കപ്പലിൽനിന്ന് ഒടുവിൽ പുറത്തേക്കു പോന്നതു് സ്കിപ്പറാണ്. അദ്ദേഹമാണ് മാസ്റ്റർ കോസ്റ്റെല്ലൊ. ഞങ്ങളുടെ ലൈഫ് ബോട്ടുകൾ മിക്കതും പോയിരുന്നു. രണ്ടു പൊളിഞ്ഞ ബോട്ടുകൾ മാത്രമെ ശേഷിച്ചിരുന്നുള്ളു. അവയും കപ്പലിൽനിന്നു പൊട്ടിപ്പോയി കുറെ ദൂരെ പാറിക്കളിച്ചിരുന്നു. അവയിലേക്കു ഞങ്ങൾ നീന്തിക്കയറി. ഈ ഘട്ടത്തിൽ ഒരു സംഗതി പ്രത്യേകം സ്മരണീയമാണ്. ഇതിന്റെ തലെന്നു് രാത്രിയാണ് ഞങ്ങൾ അറുപതാളെ കടലിൽനിന്നു വലിച്ചു കയററി രക്ഷപ്പെടുത്തിയതു്. ഇവർ ഒരു പൊളിഞ്ഞ കപ്പലിലുള്ളവരായിരുന്നു. ഈ ധർമ്മബുദ്ധിക്കുള്ള പ്രതിഫലം ഇതാവുമെന്ന് ഞങ്ങൾ തീരെ ഓർത്തില്ല.

ചോദ്യം: ജാപ്പാൻകാർ നിങ്ങളെ രക്ഷപ്പെടുത്തുവാൻ വല്ല ശ്രമവും ചെയ്തുവൊ?

ഉത്തരം: യാതൊന്നും ചെയ്തില്ല. മാത്രമല്ല, ഞങ്ങൾ കഷ്ടപ്പെടുന്നതു കാണുവാൻ തന്നെ അവക്കു വളരെ സന്തോഷമായിരുന്നു. പൊളിഞ്ഞ കഷ്ണങ്ങളിൽ പിടിച്ചു തൂങ്ങിയും കൊണ്ടു് വെള്ളത്തിൽ കിടന്നിരുന്ന ഞങ്ങളുടെ ഫോട്ടോ എടുത്തുകൊണ്ടു് അവർ മാറിക്കളഞ്ഞു.

ചോദ്യം: ഈ വിധം എത്ര സമയം വെള്ളത്തിൽ കിടന്നു കഴിക്കേണ്ടിവന്നു? എപ്പോഴാണ് നിങ്ങൾക്കു ഒരു രക്ഷ കിട്ടിയതു്?

ഉത്തരം: രണ്ടു ദിവസം ഞങ്ങൾ ഈ നിലക്കു വെള്ളത്തിൽ കിടക്കേണ്ടിവന്നു. കോള് കലശലായുണ്ടായിരുന്നതിനാൽ കാററടിക്കുന്നേടത്തേക്കു പോകയെന്നെ ഒരു ഗതിയുണ്ടായിരുന്നുള്ളു. തിരയാണെങ്കിൽ അതിഗംഭീരം. കടലിലാണെങ്കിൽ മകരമത്സ്യങ്ങളുടെ ലഹള. ഞങ്ങളിൽ ചിലർ മുറിയേററവർ. എല്ലാവരും കൂടി പൊളിഞ്ഞ രണ്ടു ബോട്ടുകളിൽ കഴിച്ചു കൂട്ടി. നാല്പത്തെട്ടു് മണിക്കൂർ ഈ വിധം നരകമടിച്ചതിന്നുശേഷം ഞങ്ങൾ കരക്കണഞ്ഞു.

ചോദ്യം: കരക്കെത്തിയതിന്നുശേഷം നിങ്ങൾ എന്താണ് ചെയ്തതു്?

ഉത്തരം: ഞാനും കാപ്റ്ററനും കൂടി അല്പം വഴിനടന്ന് ഒരു ഗ്രാമത്തിലെത്തിച്ചേർന്നു. ഗ്രാമനിവാസികൾ ഞങ്ങൾക്കു പാലും പഴവുമെല്ലാം തന്ന് ഞങ്ങളെ യഥോചിതം സൽക്കരിച്ചു.

ചോദ്യം: നിങ്ങൾ എത്രാളുകൾ ഈ വിധം രക്ഷപ്പെട്ടു?

ഉത്തരം: ഇന്ത്യക്കാരും, ചൈനക്കാരും, ബ്രിട്ടീഷുകാരും എല്ലാം കൂടി മുപ്പതോ മുപ്പത്തഞ്ചോ ആളുകൾ ഈ വിധം രക്ഷപ്പെട്ടിട്ടുണ്ടു്.



അടുത്തവസരത്തിൽ നമ്മുടെ ചക്രവർത്തി തിരുമേനി റോയൽ ഇന്ത്യൻ നേവിയുടെ വക ഒരു കപ്പലായ "ഗോദാവരി" യെ ലണ്ടനിൽവെച്ചു സന്ദർശിച്ചു. ചിത്രത്തിൽ കാണുന്ന സായ്പ് ഗോദാവരിയുടെ ക്യാപ്റ്ററൻ ആകുന്നു. മറേറതു് നാവിഗേററിങ്ങ് ഓഫീസറുമാണ്.

കഥാപംക്തി

# കൊടുങ്കാററ്

## ശാരദ

(പകർപ്പവകാശം ഗ്രന്ഥകർത്താവിന്നു മാത്രം)

(തുടർച്ച)

### VIII

അധികം താമസിയാതെ മാധവൻ തൻെറ പഴയ വസതിയിലേക്കു തന്നെ മടങ്ങിവന്ന് താമസം തുടങ്ങി. മാലതിയും മാധവനുമായിട്ടുള്ള പ്രേമബന്ധത്തിന്ന് പററിയിരുന്നതായ അല്പം ചില ചളികളെല്ലാം മാഞ്ഞു പൂർവ്വാധികം രമ്യതയിലായി. ഗോവിന്ദക്കുറുപ്പിൻെറ ഗൃഹത്തിൽ മാധവനുള്ള സ്ഥാനം ഏറെക്കുറെ ഒരു പുത്രനുള്ളതുപോലെയായി. വീട്ടിലുള്ളവർ തമ്മിൽ പറയുന്ന തമാശകളിലാകട്ടെ, വിശേഷ സന്ദർഭങ്ങളിലാകട്ടെ മാധവന്ന് ഒരന്യത്വം അല്പംപോലും കല്പിച്ചിരുന്നില്ല.

പഠിപ്പിൻെറ കാര്യത്തിൽ അത്യധികം ക്ലേശിച്ചിരുന്നതുകൊണ്ടു മാലതി പിന്നെ പിന്നെ വാടിത്തളർന്നു വിളർത്തുകൊണ്ടായി. ഒരു കാററു വന്നാൽ ഒടിഞ്ഞു വീണേക്കുമോ എന്നുള്ള സ്ഥിതിയിലായി അവളുടെ ശരീരവും. അവളുടെ പെരുമാററവും ആരോടും ഒന്നും മിണ്ടാതേയും വളരെ ഗൌരവത്തിലുമായിരുന്നതിനാൽ സ്നേഹിതന്മാർക്കുപോലും അവളോടു യാതൊന്നും സംസാരിക്കുവാൻ ധൈര്യമുണ്ടായിരുന്നില്ല. ഇങ്ങിനെയായിരുന്നു കുറച്ചു കാലമായി മാലതിയുടെ സ്ഥിതി. പഠിപ്പിൻെറ ഗൌരവമോ, അതോ മനോരംഗത്തിൽ കുടിയേറിയിരുന്ന മററു വല്ല ദുഃഖാന്ധകാരമോ, എന്തോ,

> "അധരമതു മിനുക്കിയും കളിപ്പ-
> ന്തഥ പെരുമാറിയുമഞ്ചിരുന്നകയ്യിൽ
> വിരലു മുറിയുമാറുമൂർച്ചയേറും
> കുശകൾ കരേറി ജപാക്ഷമാലയോടെ"

എന്ന് തപസ്വിയായ പാർവ്വതിയെ കുമാരസംഭവത്തിൽ വർണ്ണിച്ചപോലെയായി മാലതിയുടെ ആകൃതിയും പ്രകൃതിയും.

എന്നാൽ മാധവൻെറ സാഹചര്യം രണ്ടാമതും ആരംഭിച്ചതോടുകൂടി അവളുടെ നടവടിക്കും ദിനചര്യക്കും ഭാവങ്ങൾക്കുമെല്ലാം അനിർവ്വാച്യമായ ഒരു മാററം വന്നു സംഭവിച്ചു. ഒട്ടിയിരുന്ന കവിൾത്തടം രണ്ടാമതും വികസിച്ചു. സംസാരിക്കുന്ന ഓരോ വാക്കിലും ആഹ്ലാദചന്ദ്രികയിലെ കുമുദങ്ങൾപോലെ കളിയാടി. ഉടുപ്പുടയിൽ നിഷ്കൃഷ്ടത പുലർത്തിയിരുന്ന അവൾക്ക് ... ധൂളിതത്തിൻെറ വകഭേദമാണെന്നഭിപ്രായപ്പെട്ട ഈ തരുണിക്കു ഇരണിയൽ പാവ് നിത്യവെള്ള വേണമെന്നായി. എന്താണ് ഇങ്ങിനെയൊരു ഭാവഭേദം പെട്ടെന്ന് വരുവാൻ കാരണമായതെന്ന് അവൾ ആരേയും അറിയിച്ചതുമില്ല, ചുരുക്കത്തിൽ :

> "കാതിൽ കത്തുന്ന കാന്തി പ്രചുരിമതിരളും തോടയോമോടിയാടി-
> ക്കോതിബ്ബന്ധിച്ച കുന്തൽ കുലമതിൽ വിലസും മാലതീമാലതാനോ
> പാതിത്തിങ്കൾ പ്രകാശംതടവുമളികമോ കാന്തിയേന്തുന്നതില്ലി-
> പ്പാതി പ്രത്യാഖ്യമാകും സുമഹിതമണിതാൻ ഭൂഷണം യോഷമാരി
> [ൽ"

എന്ന് സർവ്വ ജനങ്ങളേയും അവളുടെ നടവടികൊണ്ടും ദിനചര്യകൊണ്ടും തോന്നിച്ചു.

മാലതിയുടെ സ്ഥിതിയിതാണെങ്കിൽ മാധവൻെറതു് അതിൽനിന്ന് ഒട്ടും വ്യത്യാസപ്പെട്ടതല്ലായിരുന്നു. തൻെറ ജീവിതത്തിൽ നിർവ്വഹിച്ചേ തീരൂ എന്നുള്ള പ്രാരബ്ധങ്ങളെപ്പററി ചിന്തിച്ചു തൻെറ മനസ്സും ദേഹവും ഒരുപോലെ തളർന്നിരുന്നു. ഈ പ്രാരബ്ധചിന്തകളിൽനിന്ന് അദ്ദേഹത്തിന്ന് ഒരു വിശ്രമം തൻെറ പുസ്തകങ്ങളിൽമാത്രമാണ്. മാലതിയുടെ സാഹചര്യം പുതുക്കുന്നതുവരെക്കും ഈ വിധം ആർത്തനായി ജീവിതം കഴിച്ചുകൂട്ടുകയായിരുന്നു.

> "രാവിന്നീശകലഃ നൽപ്രണയികളിലുമാനന്ദമില്ലാശ്ശയാലുൾ—
> ത്താവും താപത്തെയേററം ധൃതിയെഴമിവനും സ്പഷ്ടമാകുന്നു
> [പാരം"

എന്നുള്ള സ്ഥിതിയായിരുന്നു മാധവൻേറതു്. എന്നാൽ മാലതിയോടുള്ള സംപർക്കം അവൻെറ നടവടിക്കെല്ലാം വ്യത്യാസം വരുത്തി. ദേഹത്തിന്ന് യൌവനത്തിൻെറ കാന്തി പുനർജ്ജീവിപ്പിക്കേണമെന്നുള്ള ശുഷ്കാന്തിയും, മാലതിയിൽ കാണുന്ന അലങ്കാര ഭ്രമത്തിന്നനുചിതമായ ആഡംബരം തനിക്കും വേണമെന്നുള്ള നിഷ്കർഷയും മാധവനിൽ കണ്ടുതുടങ്ങി. ഇതിന്നെല്ലാം പുറമെ, മററുള്ള പ്രാരബ്ധചിന്തകളെല്ലാം വിട്ടു മാലതിയുടെ മായാവിലാസത്തിലേക്കു മാത്രം മാർഗ്ഗദത്തേക്ഷണനായിത്തീർന്നു.

> "ഈശ്വരൻ തന്ന നിധിയോ—പരമേശ്വരിയേന്തും കിളിയോ
> പാരിജാതത്തിൻ തളിരോ—എൻെറ ഭാഗ്യദ്രുമത്തിൻ ഫല
> [മോ
> വാത്സല്യരത്നത്തെ വെയ്പാൻ—മമ വാച്ചോരു കാഞ്ചന ചെ
> [പ്പോ"

എന്ന് മാലതിക്കു താരാട്ടും പാടിക്കൊണ്ടു കാലം കഴിച്ചുകൂട്ടി.

കോഴിക്കോട്ടു നഗരത്തിൽ കാമിനീകാമുകന്മാർക്കു പററിയതായ യാതൊരു പ്രദേശവുമില്ല. കണ്ടക്കുളം, തളിയിൽകുളം മുതലായവ കണ്ടവർക്ക് ഏഴു ജന്മത്തേക്ക് പ്രണയചിന്തയെ ഉണ്ടാവുകയില്ലെന്ന് കൂടി പറയാറുണ്ട്. ഏററവും ദേശാഭിമാനികളായ കോഴിക്കോടന്മാർക്കുപോലും ഈവക ജലാശയങ്ങളെ സംബന്ധിച്ചോ, കല്ലായി, പുതിയറ മുതലായ നദീതീരങ്ങളെ സംബന്ധിച്ചോ പ്രണയകാര്യത്തിൽ ഉന്മേഷം ജനിപ്പിക്കുന്ന വല്ലതുമുണ്ടെന്ന് അഭിമാനിക്കാൻ വഴിയില്ല. പതിവ്രതകളായ സ്ത്രീകളുടെ ചവിട്ടുകൊണ്ട് പുഷ്പിച്ചുള്ളോരശോകവനമോ, ശൃംഗാരചേഷ്ടകൾക്ക് സാക്ഷ്യം വഹിക്കുന്നതായ മാധവീലതാഗൃഹങ്ങളോ ഈ നഗരിയിലില്ല. എന്നിട്ടെന്താ ? മാധവനും മാലതിയും തമ്മിലുള്ള അനുരാഗപൂർത്തി ഇവിടെ വെച്ചുതന്നെയാണുണ്ടായതെന്നുള്ള സംഗതി പരമാർത്ഥമാണ്. ആ മഹാവൃദ്ധനായ യുവാവ്, കാമദേവനുണ്ടോ വല്ല കാലദേശാവസ്ഥകളും, നയങ്ങളും ! ആയാൾക്കുണ്ടോ വല്ല പോലീസ്സിനേയും, പട്ടാളത്തിനേയും പേടി ! എത്ര തിരക്കുള്ള തെരുവീഥികളിലും ആയാൾ ആരെയുംകാണാതെ, വണ്ടികളുടെ ഇടയിൽപെടാതെ ബാണം പ്രയോഗിച്ചുകൊണ്ടോടുന്നു !

> "ഭവാൻ പ്രസാദിക്കുകിലീവസന്ത-
> നേകൻ സഖാവും മലരമ്പുമായി
> പിനാകിയെപ്പോലുമുലക്കുവേൻ ഞാൻ
> പിന്നുള്ള വില്ലാളികളെത്ര തുഛം ?"

എന്നല്ലെ ഇയ്യാളുടെ നാട്യം !

മാധവനും മാലതിക്കും രംഗവിധാനം പോരാത്തതുകൊണ്ട് അനുരാഗത്തിൻെറ ഗതിക്ക് യാതൊരു തടസ്ഥവുമുണ്ടായിരുന്നില്ല. ഗോവിന്ദക്കുറുപ്പിൻെറ വീട്ടിലുള്ള ഒരു പഴയ മേശ, മേശയിന്മേൽ ചളിപുരണ്ടതായ ഒരു വിരി, മേശക്കടുത്തു മൂട്ടകടിക്ക് കേളികേട്ട ചില കസേലകൾ, ഇതെല്ലാം ഏററവും മതിയായ രംഗമായിരുന്നു. മാലതിയുടെ പൂച്ചക്കുട്ടിയെ മാധവൻ ലാളിക്കുന്നതും സ്തുതിക്കുന്നതും മററുംകണ്ടാൽ അതൊരു ഹംസമോ മററൊ ആണെന്നു തോന്നും. തുന്നൽപണിയെപ്പററി മാധവന്ന് സ്വതവെ വളരെ പുഛമാണെങ്കിലും മാലതി തുന്നിവെച്ചതായ എന്തും ഒരു വലിയ കലാവിദ്യയായിട്ടാണ് മാധവൻ കരുതാറ്. കോടതിയിൽ ഇടക്ക് പ്രാക്ടീസിന്നു പോകാറുണ്ടെങ്കിലും, കഴിയുന്നതും പോകാതിരിപ്പാൻ ഒഴികഴിവു കാണുകയാണ് മാധവന്ന് അധികം താല്പര്യം. മഴക്കാറുണ്ടെന്ന് സംശയം ജനിച്ചാൽ, മാധവന്ന് മഴപെയ്യുങ്കിലൊ എന്ന് ഭയമായി. അപ്പോഴേക്കും വയററിൽ സുഖക്കേടിനെപ്പററി ഓർമ്മയായി. മഴകൊണ്ടുപോകുന്നതു നല്ലതല്ലെന്ന് മാലതിക്ക് അഭിപ്രായമായി. കോടതിക്കുള്ള പോക്ക് മുടങ്ങിയാൽപിന്നെ മഴയെപ്പററിയുള്ള ചിന്ത വൈകുന്നേരം തൻെറ വീട്ടിലേക്ക് പോകുമ്പോഴാണ്. എന്തിനാണിപ്പോൾ മാധവൻ മഴേത്ത് പോകുന്നത് ? ഇന്ന് ഇവിടെ ഊൺ കഴിച്ച് കിടന്നുകൊള്ളൂ : വെന്ന് മാലതി പറഞ്ഞാൽ അന്നെത്തെ ക്ലേശങ്ങളെല്ലാം മാധവനു തീർന്നു. അതോടുകൂടി വയററിൽ വേദനയും തീർന്നു. "അച്ഛന്ന് വയസ്സുകാലത്ത് എന്തെങ്കിലും എപ്പോഴും തിന്നുകൊണ്ടിരിക്കേണ"മെന്ന് പറഞ്ഞു മാലതി പലേ പുതിയ പലഹാരങ്ങളും ഉണ്ടാക്കുന്നതെല്ലാം മാധവൻെറ വയററിന്ന് വളരെ പററിയവയാണ്. ഇതെല്ലാം തിന്നുന്നവസരത്തിൽ മാധവന്ന് സുഖക്കേട് ഹാർട്ടിന്നാണ് ; വയററിനല്ല. ഈവിധം കാമിനീകാമുകന്മാരുടെ നിലക്ക് മാലതിയും മാധവനും നിർബ്ബാധമായി ജീവിച്ചുപോന്നു.

ഇക്കാലത്തു മാധവന്ന് ഒരു ക്ലേശം മാത്രമെ ഉണ്ടായിരുന്നുള്ളൂ. അത് സ്നേഹിതൻ കുമാരൻെറ ഇടക്കിടക്കുള്ള വരവാണ്. കുമാരൻ എപ്പോഴും മാധവനെ വകവെക്കാതെയാണ് സംസാരം. ഈ സുഖക്കേടിന്ന് ഒരു പ്രത്യൌഷധം മാലതിയുടെ ശകാരംതന്നെയായിരുന്നു. കുമാരൻെറ സംഗീതത്തിന്നുമാത്രം മാലതിക്കു വലിയ ഭ്രമമാണ്. ഈ ഭ്രമം ഇല്ലാതാകേണമെങ്കിൽ മാധവന്നും പാടുവാനറിയണം. പക്ഷെ, മാധവനും സംഗീതവുമായി യാതൊരു യോജിപ്പുമില്ല. എന്നാലും, പാടുവാൻ ഒന്ന് ശ്രമിക്കേണമെന്ന് കരുതി മാധവൻ ഒരു ദിവസം ഹാർമോണിയം എടുത്തുവെച്ച് പാട്ടുതുടങ്ങി. അപ്പോഴേക്കും വീട്ടിലെ നായ്ക്കൾ കുരച്ചുചാടി; തൊഴുത്തിൽ പശുക്കൾ വിറളിഎടുത്തു. ഗോവിന്ദക്കുറുപ്പ് എന്തൊന്നില്ലാതെ മനംപുരട്ടിക്കുറെ ഛർദ്ദിക്കുകയും ചെയ്തു. ഈ ആപത്തെല്ലാം തൻെറ പാട്ടുകൊണ്ട് വന്നുചേർന്നതാണെന്ന് മാധവൻ ഊഹിച്ചുവെങ്കിലും, അതിനെ സംബന്ധിച്ചെല്ലാം മററു സംഗതികൾ പറഞ്ഞു മാലതി മാധവനെ സമാധാനിപ്പിച്ചു.

(തുടരും)

# പൊതുജനങ്ങളെ സഹായിക്കുവാൻ

## മലബാറിൽ നടത്തുന്ന ശ്രമങ്ങൾ

(ഡിസ്ട്രിക്ട് ഓർഗനൈസർ അയച്ചുതന്നതു)

ദേശീയ സമര മുന്നണിയുടെ കർമ്മപദ്ധതിയിൽ പെട്ട മര്യാദവില ഷാപ്പു മലബാറിൽ ഒന്നു ആദ്യമായി തലസ്ഥാന നഗരിയായ കോഴിക്കോട്ടു നവെമ്പർ ആദ്യത്തെ ആഴ്ചയിൽ തുറന്നിരിക്കുന്നു. ദേശീയ സമര മുന്നണിയുടെ വനിതാവിഭാഗത്തിന്റെ ആഭിമുഖ്യത്തിലാണിതു തുറന്നിട്ടുള്ളതു്. മിസിസ് എ. ആർ. മക്കീവർ ഇതിന്റെ ഉൽഘാടനകർമ്മം ഏററവും മംഗളമായി നിർവ്വഹിച്ചു. മിസിസ്സ് എസ്സ്. തോമസ്സിന്റെ പ്രാപ്തമായ കാര്യദർശിത്വത്തിൽ ഏർപ്പെടുത്തീട്ടുള്ള ഈ "വിക്ടറി ഷാപ്പി"ന്റെ നേർക്കു ജനങ്ങൾക്കുള്ള അനുഭാവം ഉൽഘാടനവേളയിൽ അവർ കാണിച്ച ഉത്സാഹത്താൽതന്നെ പ്രകടമാകുകയുണ്ടായി. പിന്നീടും ജനങ്ങൾ അതിന്റെ നേർക്കു വളരെ പ്രതിപത്തി കാണിച്ചുവരുന്നു. അരി, മണ്ണെണ്ണ, പഞ്ചസാര തുടങ്ങിയ നിത്യോപയോഗസാധനങ്ങൾ മര്യാദവിലക്കു കൃത്യമായ അളവിന്നും തൂക്കത്തിന്നും ഇവിടെ വിററുവരുന്നു.

രാജ്യരക്ഷക്കായി പട്ടാളത്തിൽ ചേർന്നുപോയിട്ടുള്ള ദേശാഭിമാനികളുടെയും അവരുടെ കുടുംബാദികളുടേയും ക്ഷേമത്തിന്നായി ഗവർമ്മേണ്ടു ചെയ്തുവരുന്ന ഏർപ്പാടുകൾ അനേകങ്ങളാകുന്നു. പട്ടാളക്കാരുടെ കുടുംബങ്ങൾക്കു യാതൊരു ബുദ്ധിമുട്ടും ദുഃഖവും ഏർപ്പെടാതിരിക്കുന്നതിന്നുവേണ്ട നടവടികളെല്ലാം ഗവർമ്മേണ്ടു എടുത്തുവരുന്നു. അവരുടെ അവശതകളും ബുദ്ധിമുട്ടുകളും അന്വേഷിച്ചു നിവാരണം ചെയ്വാനായിട്ടു ഏർപ്പെടുത്തീട്ടുള്ള ജില്ലാ സോൾജിയേഴ്സ് വെൽഫെയർ ബോർഡും (കോഴിക്കോട്ടു), താലൂക്കു കമ്മിററികളും തൽപ്രവർത്തകന്മാരും മലബാറിൽ അതിജാഗ്രതയായി പ്രവർത്തിച്ചു വരുന്നു. ഏതെങ്കിലും പട്ടാളക്കാരന്റെ കത്തോ പണമോ അയാളുടെ കുടുംബത്തിന്നു കിട്ടാൻ താമസിച്ചാൽ ആ വിവരം പ്രസ്തുത ബോർഡിനേയോ, താലൂക്കു കമ്മിററിയേയോ തൽപ്രവർത്തകന്മാരേയോ അറിയിക്കേണ്ട താമസം മാത്രം. ഉടനെ അവർ അതിനെപ്പററി വേണ്ടപ്പെട്ട അന്വേഷണം നടത്തി നിവൃത്തി വരുത്തിക്കൊടുക്കുന്നു. പട്ടാളത്തിൽ പോയിട്ടുള്ള ആളുകളുടെ കുടുംബങ്ങളുടെ നേർക്കു വല്ലവരും അക്രമം പ്രവർത്തിക്കുന്നപക്ഷം ആ വിവരം അധികൃതന്മാരെ അറിയിച്ചാൽ അതിന്നും ഉടനെ നിവാരണം വരുത്തിക്കൊടുക്കുന്നു. പട്ടാളക്കാരന്റെ അവകാശങ്ങളെ ബാധിക്കുന്നവിധത്തിൽ സ്വത്തു സംബന്ധമായ സിവിൽ വ്യവഹാരം വല്ലവരും കൊടുത്താൽ ആ വിവരം കാണിച്ചു പട്ടാളക്കാരൻ ഹരജി ബോധിപ്പിച്ചാൽ മതി. ഉടനെ വേണ്ടതായ അന്വേഷണങ്ങൾ കഴിച്ചു ഒന്നുകിൽ പട്ടാളക്കാരൻ മടങ്ങിവരുന്നതുവരേക്കു വ്യവഹാരം നിർത്തിവെക്കാൻ കല്പനയുണ്ടാകുന്നു. അതല്ലെങ്കിൽ പട്ടാളക്കാരന്റെ ഭാഗം, സോൾജിയേഴ്സ് വെൽഫെയർ ബോർഡിൽനിന്നും വ്യവഹാരം നടത്തുന്നു. ഇങ്ങിനെ വ്യവഹാരം നടത്തുന്നതിൽ ഫീസ്സു് കൂടാതെ ഹാജരാകുവാൻ യോഗ്യന്മാരായ ചില വക്കീലന്മാർ എല്ലാ സ്ഥലത്തും സന്നദ്ധരായിട്ടുണ്ടുതാനും.

കൂടാതെ മണ്ണെണ്ണ, അരി, പഞ്ചസാര മുതലായി നിത്യോപയോഗസാധനങ്ങൾ വിഹിതിക്കുകയും വിതരണം ചെയ്കയും ചെയ്യുന്ന കാര്യത്തിലും പട്ടാളക്കാരുടെ കുടുംബങ്ങളെ സംബന്ധിച്ചേടത്തോളം പ്രത്യേകം പരിഗണന നൽകുന്നു. മലബാറിലെ ദേശീയ സമര മുന്നണി പ്രവർത്തകന്മാർ നഗരങ്ങളും ഗ്രാമങ്ങളും സന്ദർശിക്കുമ്പോൾ ഇത്തരം കുടുംബങ്ങളുടെ സുഖക്ഷേമാദികൾ അന്വേഷിക്കുകയും, അവർക്കു വേണ്ടതായ എല്ലാ വിവരങ്ങളും ഉപദേശങ്ങളും നല്കുകയും അവരുടെ അവശതകൾ പരിഹരിക്കുന്നതിൽ കഴിയുന്നവിധം സഹായിക്കുകയും ചെയ്തുവരുന്നു.

യുദ്ധാനന്തര പുനരുദ്ധാരണ പദ്ധതിയിലൊരിനമായംഗീകരിക്കുവാൻ ഗവർമ്മേണ്ടിന്റെ ആലോചനയിലിരിക്കുന്ന ഒരു സംഗതിയാണു ഗവർമ്മേണ്ടുവകയായുള്ള ഭൂമി പട്ടാളക്കാർക്കു പതിച്ചുകൊടുക്കുകയെന്നുള്ളതു്. എന്നാൽ ഇപ്പോൾ ആവക ഭൂമികൾ ഭക്ഷണസാധനങ്ങൾ കൃഷി ചെയ്വാനായി തൽക്കാലം ഒരു ക്ലിപ്തകാലത്തേക്കു നികുതിയും പാട്ടവും കൂടാതെ പട്ടാളക്കാരുടെ അടുത്ത ബന്ധുക്കൾക്കു കൊടുത്തുവരുന്നു. ഭക്ഷണോല്പാദനം വർദ്ധിപ്പിക്കുവാനുള്ള കാര്യത്തിലെന്നപോലെതന്നെ ഈ വിഷയത്തിലും മലബാറിലെ ദേശീയ സമര മുന്നണി പ്രവർത്തകന്മാർ പട്ടാളക്കാരുടെ കുടുംബങ്ങൾക്കു സഹായികളായി വർത്തിച്ചുവരുന്നു.

കോളറയോടു മല്ലിട്ടു ജയിക്കുവാൻ ഗവർമ്മേണ്ടു വമ്പിച്ച പരിശ്രമങ്ങൾ പലതും മലബാറിൽ ചെയ്യേണ്ടിവരുന്നതു ഇയ്യിടെ മാത്രമാണല്ലോ എന്നാൽ ആ മഹാമാരി ഇനിയും മലബാറിനെ പറെറ വിട്ടുപോയിട്ടില്ല. ഇപ്പോഴും ചില താലൂക്കുകളിൽ അതിന്റെ ബാധയുണ്ടു്. ആവക സ്ഥലങ്ങളിൽ ജനങ്ങളെ സഹായിക്കുവാൻ റവന്യൂ ഉദ്യോഗസ്ഥന്മാരും പൊതുജനാരോഗ്യ വകുപ്പുദ്യോഗസ്ഥന്മാരും ജാഗ്രതയായി പരിശ്രമിച്ചുവരുന്നു. ദേശീയ സമര മുന്നണി പ്രവർത്തകന്മാരും ഈ വിഷയത്തിൽ അശ്രദ്ധരല്ല. എന്നാൽ അവർക്കു മറെറാരു കാര്യവും കൂടി നിർവ്വഹിക്കേണ്ടിവരുന്നു. അതാണു്, അന്ധവിശ്വാസങ്ങളോടു പോരാടുകയെന്നതു്. എവിടെയെങ്കിലും കോളറ ബാധിച്ചാൽ റവന്യൂ വകുപ്പു മുഖേന ഹെൽത്ത് ഡിപ്പാർട്ട്മെണ്ടുകാർക്കു വിവരം ലഭിക്കുകയും അവർ ഉടനെ സ്ഥലത്തെത്തി രോഗികൾക്കു ഔഷധം കൊടുക്കുക, രോഗം പരക്കാതിരിക്കുവാനുള്ള സൂത്രങ്ങൾ പ്രയോഗിക്കുക, മുഖ്യമായി എല്ലാ ആളുകൾക്കും കുത്തിവെക്കുക എന്നിവയെല്ലാം ചെയ്യാറുണ്ടല്ലോ. എന്നാൽ "തലേതട്ടി ചെയ്താന്റെ" പണിയാണു് കോളറയെന്നും കുത്തിവെച്ചാൽ അപകടമാണെന്നും മററുമുള്ള അന്ധവിശ്വാസങ്ങളാൽ നമ്മുടെ നാട്ടിൽ വിശേഷിച്ചും നാട്ടിൻപുറങ്ങളിൽ കുത്തിവെക്കാതെ കഴിക്കാനാണു് വളരെ ആളുകൾ ഇന്നും യത്നിക്കുന്നതു്. അതിനാൽ ആവക അന്ധവിശ്വാസങ്ങളെ നീക്കുന്നതിൽ ദേശീയ സമര മുന്നണി പ്രവർത്തകന്മാർ മുൻനിന്നു പ്രവർത്തിച്ചുവരുന്നു. സമുദായ പരിഷ്കരണപരമായ അവരുടെ ഈ പ്രവർത്തനത്തിന്നു നല്ല ഫലവും കണ്ടുവരുന്നു.

ഇയ്യിടെ കോളറ നിമിത്തം അനേകം ആളുകൾ മലബാറിൽ മരണപ്പെട്ടു പോകയുണ്ടായല്ലോ. അങ്ങിനെ മരിച്ചുപോയവരെ ആശ്രയിച്ചു ജീവിച്ചു വരുന്നവരും ഇപ്പോൾ അനാഥരായി തീർന്നിട്ടുള്ളവരും യഥാർത്ഥത്തിൽ സഹായം അർഹിക്കുന്നവരുമായ ആളുകൾക്കു രക്ഷ നൽകുവാൻ ഗവർമ്മേണ്ടു വേണ്ട നടവടികൾ എടുത്തുവരുന്നു. അപ്രകാരമുള്ള ആളുകളുടെ വിവരങ്ങൾ അംശം അധികാരിമാർ ശേഖരിക്കുവാൻ തുടങ്ങീട്ടുണ്ടു്.

# ദേശീയ സമരനിര വാരം

കുറുമ്പ്രനാട്ടു താലൂക്കു്

വടകര—1943 നവമ്പർ 6-ാംനു മുതൽ 10-ാംനു വരെ

ദേശീയ സമരനിര വാരം പ്രമാണിച്ചു താഴെ കൊടുത്ത കാര്യപരിപാടിയനുസരിച്ചു കുറുമ്പ്രനാട്ടു താലൂക്കിന്റെ തലസ്ഥാനമായ വടകരയിൽ നവെമ്പർ 6-ാം തിയ്യതി ആരംഭിച്ച സമ്മേളനം ഇന്നേക്കു് അവസാനിച്ചു. ദിവസംപ്രതി മൂവായിരത്തിൽപരം ജനങ്ങൾ പങ്കുകൊണ്ട ഇമ്മാതിരി ഒരു സമ്മേളനം അടുത്തകാലത്തൊന്നും മലബാറിൽ നടന്നിട്ടില്ലെന്നുവേണം പറയുവാൻ. മലബാറിലെ പ്രസിദ്ധന്മാരായ പ്രാസംഗികന്മാരുടെ ഉജ്വല പ്രസംഗങ്ങൾ, മിസ്സ് മീരാ, മിസ്സ് ലീലാ എന്നീ കൊച്ചുകിടാങ്ങളുടെ കണ്ണഞ്ചിക്കുന്ന ഭരതനാട്യം, കോൺവെൻറ് വിദ്യാർത്ഥിനികളുടെ മനോമോഹനമായ നർത്തനങ്ങൾ, ടാബ്ലോ, ഹരികഥ എന്നീ ഇനങ്ങൾ പൊതുയോഗത്തിന്റെ പ്രധാന ഘടകങ്ങളായിരുന്നു.

സമ്മേളനം കമനീയമായി അലങ്കരിച്ച സെൻറ് ആൻറണീസ്സ് സെക്കണ്ടറി സ്കൂളിൽ വെച്ചായിരുന്നു നടന്നതു്. ഈ ഒരാഴ്ചക്കാലം വടകര പട്ടണം കുലവാഴ തോരണം തുടങ്ങിയ അലങ്കരണങ്ങൾ കൊണ്ടു് എന്തെന്നില്ലാത്ത വിധത്തിൽ പ്രശോഭിച്ചിരുന്നുവെന്നതിൽനിന്നും സമ്മേളനത്തിന്റെ വിജയത്തിന്നുവേണ്ടി നാട്ടുകാർ എത്രകണ്ടു ഔത്സുക്യം പ്രകാശിപ്പിച്ചിരുന്നുവെന്നു് മനസ്സിലാക്കാൻ സാധിക്കും. ഓരോ ദിവസവും അദ്ധ്യക്ഷനേയും പ്രാസംഗികന്മാരേയും പ്രസംഗമണ്ഡപത്തിലേക്കു് ബേണ്ടുമേളങ്ങളോടുകൂടിയായിരുന്നു ആനയിച്ചിരുന്നതു്.

യോഗാനന്തരം ദിവസംപ്രതി വടകര കോട്ടപ്പറമ്പു് മൈതാനിയിൽവെച്ചു് സിനിമാപ്രദർശനം നടത്തുകയുണ്ടായി. പ്രദർശനത്തിന്നു് ആയിരക്കണക്കിൽ ആനന്ദഭരിതരായി ആളുകൾ പങ്കുകൊണ്ടിരുന്നുവെന്നതു് സിനിമാപ്രദർശനത്തിന്റെ ഒരു പ്രത്യേകതയായിരുന്നു.

ഇത്ര വിജയപ്രദമായ ഒരു സമ്മേളനം, ഇത്ര ജനപ്പെരുപ്പമുള്ള ഒരു പൊതുയോഗം വടകരയുടെ ചരിത്രത്തിൽ ഇതു് രണ്ടാമത്തേതാണെന്നാണു് നാട്ടുകാരുടെ ഇടയിലുള്ള സംസാരം. ആദ്യത്തേതു് മദിരാശി ഗവർണ്ണർ വടകര സന്ദർശിച്ച അവസരത്തിൽ നടന്ന യോഗമാണുപോൽ.

(ശേഷം 11-ാംപേജിൽ)

# തങ്കത്തിന്റെ ശങ്ക

## (ഗാഥ)

“അമ്മേ ! യെന്നൊപ്പം കളിക്കും കിടാ [ങ്ങളാ-
മമ്മിണി, യമ്മുതൊട്ടുള്ളോരെല്ലാം
‘ഉച്ചവെയിലത്തു കളിച്ചുവെന്നാകിലെ
ന്നച്ഛനടിക്കു’മെന്നോതിടുന്നു.

ആയവരോടു ഞാനച്ഛനെന്നോതുന്നോ-
രായാളാരെന്നു ചോദിച്ച നേരം,
നിത്യവുമായവർക്കാവശ്യമായവ
കൃത്യമായൊക്കവെ നല്കുകയും
വല്ലതും ചൊല്ലി നേതിരായ് പ്രവർത്തി [ച്ചാൽ
തല്ലുകൊടുക്കയുമല്ലയെങ്കിൽ
ഏത്രയും വാത്സല്യപൂരത്താലങ്കത്തിൽ
പുത്രിയെയേററിവെച്ചോമനിച്ചും
അത്യന്തമോദാൽ വളർത്തുമാളാണച്ഛ-
നിത്യഭിധാനനെന്നെന്നോടോതി
എന്നിരുന്നീടുകിലെന്റെയച്ഛനാ-
യിന്നൊരാളെന്തു കൊണ്ടില്ലിവിടെ ?”

ചങ്ങാതിമാരോടു ക്രീഡിക്കളിപ്പാനാ-
യെങ്ങോ പോയുള്ളൊരാക്കൊച്ചു പൈ [തൽ
തെററന്നു പാഞ്ഞുവന്നിപ്രകാരത്തിൽ [തൻ
പെററമാതാവോടു ചോദ്യം ചെയ്തു.

പെട്ടന്നു ബോംബാക്രമണ പ്രഖ്യാപ [നം
കേട്ടപോലൊന്നു നടുങ്ങിയമ്മ.

ഇത്തരം ചോദ്യമൊന്നപ്പുതൽ തന്നി [ൽ നി-
ന്നത്തനയിയുണ്ടാമെന്നോർത്തില്ലൊട്ടും.

ഓമനയെപ്പെററിട്ടഞ്ചാം നാളാണു തൻ
പ്രേമവാനാം പ്രിയൻ രാജ്യം വിട്ടു.

ഇന്നോളം—മൂന്നു വയസ്സായീക്കുട്ടിക്കു-
—വന്നിട്ടില്ലദ്ദേഹം പിന്നെനാട്ടിൽ.

നിശ്ചയം ബർമ്മ, സിങ്കപ്പൂർ തൊട്ടുള്ളതാ-
മിട്ടിക്കുമട്ടിക്കും ജാപ്പാൻകാരെ
നല്ലൊരുപാഠം പഠിപ്പിച്ചുവിട്ടിടാ-
നുള്ളോരുസംരംഭ സന്നാഹത്തിൽ
ഭീമപരാക്രമിയാകും ഭടാഗ്ര്യനാ-
യാമഹാനങ്ങു പ്രവർത്തിക്കുന്നു.

എന്നാലീ വാർത്തകളൊന്നുമേ കുഞ്ഞി [നോ-
ടന്നോളം ചൊന്നിരുന്നില്ല തന്നെ.
എന്നിരുന്നീമവെ യോമലിൻ ചോദ്യ [ത്തി-
നിന്നുത്തരമമ്മയെന്തു ചൊല്ലാം.

എന്തുപറയേണമെന്നറിയാതവൾ
ചിന്താവശയായ്പകച്ചു നില്ക്കേ,
പിന്നെയും കുട്ടി വിടുന്നില്ലാ, ചോദി [ച്ചാ-
“ളെന്നമ്മേ ചൊല്ലു ചൊല്ലാവിധത്തിൽ
തന്മടിതന്നിലെടുത്തു വെച്ചോമനി-
ച്ചുമ്മവെപ്പാനെനിക്കില്ലേയച്ഛൻ ?”

ഇത്തരം പിന്നേയും പിന്നേയും തന്നു [ടെ
പുത്രി ചോദിപ്പതിനുത്തരമായ്
കുട്ടിയെത്തന്മടിത്തട്ടിലെടുത്തുവെ-
ച്ചൊട്ടുപുറത്തു തലോടിക്കൊണ്ടു-
മാതാവുമെല്ലവെ ചൊല്ലിനാ” ളോമ [നേ !

താതൻ നിനക്കുമുണ്ടല്ലോ നൂനം
എന്നാലിന്നമ്മുവിന്നച്ഛനെപ്പോലവെ
നിന്നെയെടുത്തുലാളിച്ചിടാനായ്
ഇന്നയാൾക്കൊട്ടും സമയമില്ലാതെയാ [യ്-
വന്നുപോ, യല്പം ക്ഷമിക്കു തങ്കം !

കേട്ടില്ലേ ? യെൻ കുഞ്ഞുനാട്ടിലെ വാ [ർത്തകൾ,
കാട്ടുമൂരാളന്മാർ ജാപ്പാൻ സൈന്യം
പെട്ടന്നുവന്നു കടന്നാക്രമിച്ചവർ
തട്ടിപ്പറിച്ചിതു ബർമ്മ രാജ്യം
എന്നതുമൂലമാണിന്നരി, മണ്ണെണ്ണ-
യെന്നിവനമ്മൾക്കു കിട്ടാതായി-
ഇത്തരം നാട്ടാരെയിട്ടുവലയ്ക്കുവാ
നെത്തിയ ജാപ്പുകാട്ടാളന്മാരെ
ഒന്നായമർത്തിപ്പൊതുജന സ്വാതന്ത്ര്യം
മന്നിൽ പ്രതിഷ്ഠിപ്പതിന്നുവേണ്ടി
ധർമ്മയുദ്ധം ചെയ്യാൻ നമ്മുടെ ബ്രിട്ടനും,
അമ്മേരിക്കക്കാരും, റഷ്യക്കാരും
ഒന്നായി നന്നായിട്ടൊന്നിപ്പോൾ ജാ [പ്പാനോ-
ടിന്നെതിർത്തീടുവാൻ കോപ്പിടുന്നു.

ഇന്നതിനായ് സംഭരിച്ചുള്ള സേന [യിൽ
നിന്നച്ഛൻ ചേർന്നങ്ങു പോയിരിപ്പൂ.
നാട്ടാരെ പട്ടിണിയിട്ടു കൊല്ലിക്കുവോർ
കൂട്ടക്കൊല നടത്തീടുന്നവർ
ആലയമെന്നല്ല, ദേവാലയവും, വി-
ദ്യാലയമെന്നിവഭേദമെന്യേ
ഒട്ടും ദയയെന്യേ ചുട്ടുപൊട്ടിപ്പാനാ-
യിട്ടുകോപ്പിട്ടോരു ജാപ്പുകാരെ
കൂട്ടന്നവേഗത്തിൽ വന്നപോൾ തന്നെ [യ-
ങ്ങോടിക്കും തീർച്ചയായ് സഖ്യശക്തി
അന്നവരെയ്ക്കുമിവിടേയ്ക്കെന്നോമലേ
നിന്നച്ഛനാവില്ല വന്നിടുവാൻ
ആഹവം തീർന്നാലുടൻ തന്നെയെത്തീ [ടും
സ്നേഹമേറും നിൻ പിതാവിവിടെ.

അന്നോളം പൈതലിന്നെന്തു വേണെ [ങ്കിലും
തന്നീടാനില്ലേനിന്നമ്മയാം ഞാൻ-
ഇത്രയും മാതാവു ചൊന്നതു കേട്ടപ്പോൾ
പുത്രി പറഞ്ഞാളിമ്മട്ടു കൊഞ്ചി :—

“ഇത്രയും നാട്ടാരെ കഷ്ടപ്പെടുത്തുന്ന
ശത്രുവർഗ്ഗക്കാരെയോടിപ്പാനായ്
ഞാനും പടയ്ക്കുപോയീടാമുടൻ തന്നെ
മാനം പുലർത്തുവാൻ രാജ്യത്തിന്റെ.”

കൊച്ചുമകളേവം ചൊല്ലുന്നകേട്ടമ്മ
വാച്ചകുതൂഹലമോടു ചൊന്നാൾ.

“ആയില്ലകുഞ്ഞിനു യുദ്ധത്തിനായിട്ടു
പോയീടുവാനായ്, കുറച്ചുകാലം
കൂടിക്കഴിയണം, വിദ്യാലയത്തിൽ പോ [യ്
പാഠം പഠിക്കണമെന്നെങ്കിലേ
യുദ്ധപരിശീലനത്തിൽ പരിചയം
സിദ്ധിപ്പാനാവുള്ളു, കൊച്ചുതങ്കം !

എന്നതിനാലല്പം കൂടെ ക്ഷമിയ്ക്കുനീ-
യെന്നാലൊരിക്കൽ നിനക്കും കൂടെ
പോയീടാം യുദ്ധത്തിന്നായിട്ടെന്നോ [മലേ
പോയിക്കളിച്ചുകൊൾകിപ്പോൾ നീ [യും.”

ഇത്തരം മാതാവിൻ വാക്കുകൾ കേട്ട [പ്പോൾ
പുത്രിയൊരല്പം സമാശ്വസിച്ചു.

ചങ്ങാതിമാരുമായ് കേളിയാടീടുവാ [ൻ
മങ്ങാതെ പോയാളാപ്പിഞ്ചു പൈതൽ.

ഈ പ്രചരണവാരത്തിന്റെ പ്രാധാന്യവും ഫലവും ഇതോടൊന്നിച്ചുനടന്ന റിക്രൂട്ടമെണ്ടിന്റെ വിജയം വേണ്ടപോലെ വെളിപ്പെടുത്തുന്നുണ്ട്. കേവലം ഒരാഴ്ചകൊണ്ട് ഇന്ത്യൻ സൈനിക വകുപ്പിൽ താസിൽദാരുടെ സബ്ബ് താലൂക്കിൽനിന്നും 135 പേർ ചേർന്നുവെന്നതു് ഇവിടെ പ്രത്യേകം സ്മർത്തവ്യമാണ്.

### കാര്യപരിപാടി

1943 നവെമ്പർ 6-ാം തിയ്യതി—“ദേശീയ സമരനിര”

അദ്ധ്യക്ഷൻ : സുൽത്താൻ അറക്കൽ ആലിരാജാ സാഹിബ് ബഹദൂർ (റീജനൽ ലീഡർ, എൻ. ഡബ്ല്യു. എഫ്.)
ദേശീയ സമരനിര ഗാനം : കോൺവെന്റ് വിദ്യാർത്ഥിനികൾ.
പ്രസംഗം : (1) മിസ്സിസ്സ് പി. ജെ. വർഗ്ഗീസ്, എം. എ., എൽ. ടി. ; (2) മി. കെ. പി. വഹീദ്, ബി. എ., എൽ. ടി.
നൃത്തനങ്ങൾ : മിസ്സ് ലീലാ, മിസ്സ് മീരാ.

1943 നവെമ്പർ 7-ാം താഋതി—“ഐക്യകക്ഷി ദിനം”

അദ്ധ്യക്ഷൻ : ശ്രീ എ. അപ്പു, റവന്യൂ ഡിവിഷനൽ ഓഫീസർ, കോഴിക്കോട്.
പ്രസംഗം : (1) മി. ഒ. എഫ്. സി. സെക്കരിയാസ്, ബി. എ.; (2) മി. സി. രാമുണ്ണി നായർ, ബി.എ., ബി.എൽ., ഡിസ്ത്രിക്ട് മുൻസീഫ്, വടകര.
ടാബ്ലോ : ഐക്യകക്ഷികൾ—വടകര കോൺവെന്റ്.
കഥാപ്രസംഗം : മി. കെ. ആർ. കൃഷ്ണൻ.

1943 നവെമ്പർ 8-ാം തിയ്യതി—“സമ്പാദന ദിനം”

അദ്ധ്യക്ഷൻ : മി. എ. ആർ. മെക്കീവൻ, സി.ഐ.ഇ., എം. സി., ഐ.സി.എസ്സ്., മലബാർ കലക്ടർ.
പ്രസംഗം : (1) മി. ടി. സി. കരുണാകരൻ, ബി.എ., ബി. എൽ., ഡിവിഷനൽ ഓർഗനൈസർ, എൻ. ഡബ്ല്യു. എഫ്. (2) മി. എം. നാരായണമേനോൻ, ബി.എ., എൽഎൽ.ബി.
ടാബ്ലോ : (1) ഐക്യകക്ഷികൾ, (2) ഇന്ത്യയുടെ പങ്ക—വടകര കോൺവെന്റ്.

1943 നവെമ്പർ 9-ാം തിയ്യതി—“ഭക്ഷ്യോല്പാദനദിനം”

അദ്ധ്യക്ഷൻ : മി. എം. എ. ടി. കൊയിലൊ, ബി.എ., ബി.എൽ., തെക്കെ മലയാം ഡിസ്ത്രിക്ട് ജഡ്ജി.
പ്രസംഗം : (1) മി. പി. എഫ്. എൽ. ഫിക്ലിങ്ങ്, (2) വിദ്വാൻ സി. സൂര്യനെഴുത്തച്ഛൻ.
ടാബ്ലോ : “മണ്ണിന്റെ മാഹാത്മ്യം”.
കഥാപ്രസംഗം : മി. കെ. ആർ. കൃഷ്ണൻ.

1940 നവെമ്പർ 10-ാം തിയ്യതി—“ഐക്യഭാരത ദിനം”

അദ്ധ്യക്ഷൻ : ഡൊക്ടർ എം. കറംചന്ത്, എം.എ., പിഎച്ച്. ഡി., എം.ആർ.എസ്സ്.ടി.
പ്രസംഗം : മി. ഇ. പി. സുമിത്രൻ.
ടാബ്ലോ : “ഇന്ത്യ”—വടകര കോൺവെന്റ്.

# വൈസറോയിക്കു് നിയമവെടിവെച്ച മദിരാശിപ്പട്ടാളം



പുതിയ വൈസറോയി വേവൽ പ്രഭു സ്ഥാനാരോഹണം ചെയ്യുവസരത്തിൽ 1943 ഒക്ടോബർ 18, 19, 20 ഈ തിയ്യതികളിൽ വൈസറോയിയുടെ നിയമവെടി നടത്തിയ മദിരാശിപ്പട്ടാളം. ഇതിൽ മലയാളികളും ഉണ്ടായിരുന്നു.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.